മുറുമുറുപ്പു നീണ്ടേക്കാം, സി.പി.ഐ. അച്ചുതാനന്ദനെ ഇനിയും ഭീഷിണിപ്പെടുത്തിയേക്കാം എങ്കിലും ഭൂമിയുടെ അവകാശികളുടെ വിലയിടിയരുത്. പത്രവാർത്തകളിൽ മാത്രം നിറഞ്ഞു നിൽക്കുന്ന സേവി മനോ മാത്യുവിനേപ്പോലുള്ള വമ്പന്മാരേക്കാൾ നമ്മുടെ വീട്ടുപടിക്കലെത്തി നമ്മേക്കാൾ മണ്ണിനുവിലപറയുന്നവരെയാണ് നാം സൂക്ഷിക്കേണ്ടത്. അവർ തുരങ്കം വെയ്ക്കുന്നത് നമ്മുടെ അടിസ്ഥാന അവകാശങ്ങളെയാണ്. ഒരു ചാൺ വയറിനുവേണ്ടി കടിഞ്ഞൂലവകാശം പണയപ്പെടുത്തിയവന്റെ പിൻഗാമികളായി നാം മാറരുത്.

All Correspondence and the matters to be published in THE LIGHT OF COCHIN may be addressed to:

**THE EDITOR**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

**COCHIN DIOCESAN BULLETIN**

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Dr. Francis Kurisinkal**

*Circulation Manager*
**Rev. Fr. Xavier Chiramel**

Vol. XXXVI OCTOBER 2007 No. 10

**ഈ ലക്കത്തിൽ** **പേജ്**

| | |
|---|---|
| പിതാവ് നമ്മോട് | 03 |
| പത്രാധിപക്കുറിപ്പ് | 05 |
| സർക്കുലർ | 06 |
| സെന്റ് ലോറൻസ് ചർച്ച്, പള്ളുരുത്തി ദേവാലയത്തിന്റേയും ഇടവകയുടേയും ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം | 10 |
| Appointments | 23 |
| Monthly Recollections - 2007 | 23 |
| പ്രീ-കാന കോഴ്സ് | 23 |

(For Private Circulation only)

World Youth Day Pilgrimage 24

National Seminar 27

ജൂബിലി വർഷചിന്തകൾ 30

ജൂബിലി വർഷപരിപാടികൾ - ഒക്ടോബർ 31

ജൂബിലിവർഷ രൂപത വാർത്തകൾ 34

Bishop's Engagements 37

Bishop's Diary 40

പിന്നാമ്പുറം 41





പിതാവ് നമ്മോട്

# മിഷൻ ഞായർ

**കൊ**ച്ചി രൂപതയുടെ 450-ാം ജൂബിലി നിറവിലെ മിഷൻ ഞായറാണ് ഒക്ടോബർ 21-ാം തിയതി കടന്നു വരുന്നത്. അപ്പസ്തോലന്മാരുടെ നടപടി പുസ്തകം 1, 8ൽ പറയുന്ന കൊച്ചു വാക്യമാണ് "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" എന്നത്. ക്രിസ്തുവിന്റെ സാക്ഷികളായി മാറുക എന്നതാണ് ഓരോ ക്രിസ്തുശിഷ്യനേയും സംബന്ധിച്ചിടത്തോളം ദൈവഹിതം. ദൈവശാസ്ത്രകാരനായ കാൾബാത്ത് ഓർമ്മിപ്പിക്കുന്നതി പ്രകാരമാണ്. "ഒരു വിളംബരക്കാരനെപ്പോലെ സുവിശേഷ സന്ദേശം നൽകാൻ സഭ ഓടി നടക്കണം." നിരന്തരമായി നടത്തേണ്ട ഒരു പ്രക്രിയയാണ് പ്രേഷിത പ്രവർത്തനം.

മിഷണറിമാർ ജനങ്ങളോടു ക്രിസ്തുവിനെയും ക്രിസ്തുവിന്റെ സുവിശേഷത്തെയും സുവിശേഷ മൂല്യങ്ങളെയും കുറിച്ച് പ്രസംഗിക്കുമ്പോൾ ദൈവരാജ്യനിർമ്മിതി നടക്കുകയാണ്. എവിടെയൊക്കെ ക്രിസ്തുവിനെ കുറിച്ചു കേൾക്കപ്പെടുന്നുവോ അവിടെയൊക്കെ മിഷൻ പ്രവർത്തനം നടക്കുകയാണ്. മിഷൻ ഞായറിന്റെ അന്തഃസത്തയെന്താണ് എന്ന് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമാൻ പറഞ്ഞു വയ്ക്കുന്നു. "ഞങ്ങൾ ക്രിസ്തുവിനെ സന്തോഷപൂർവ്വം പ്രസംഗിക്കുകയും, അവന്റെ ദാനങ്ങൾ ഉദാരമായി പങ്ക് വെയ്ക്കുകയും ചെയ്യുന്നു." യഥാർത്ഥത്തിൽ എളിയവരായവരോടും സുവിശേഷ വെളിച്ചം ലഭിച്ചിട്ടില്ലാത്തവരോടും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ കനിവ് കാണിക്കേണ്ട അവസരമാണ് ഓരോ മിഷൻ ഞായറും. ദൈവത്തിൽനിന്ന് നാം സ്വീകരിച്ചിട്ടുള്ള നന്മകൾക്കും അനുഗ്രഹങ്ങൾക്കും നന്ദി പറയാനും, അത് നമ്മുടേത് മാത്രമല്ല, അത് മറ്റുള്ളവർക്കായും പങ്ക് വയ്ക്കേണ്ടതാണ് എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്ന ദിവസമാണെന്ന്.

ഈ മിഷൻ ഞായറിൽ നമ്മുടെ വിശ്വാസത്തെ പ്രോജ്വലിപ്പിച്ച എല്ലാ മിഷനറിമാരെയും ഓർക്കാം. വിശ്വാസത്തിന്റെ വെളിച്ചം നമുക്ക് നൽകി കടന്നു പോയവരാണ് അവർ. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു: “ദൈവസ്നേഹത്തിന്റെ ആഹ്ലാദ കരമായ പ്രഘോഷണമാണ് മിഷൻ പ്രവർത്തനം.” നമ്മുടെ വിശ്വാസം വരും തലമുറയിലേക്ക് നൽകാൻ നാം കടപ്പെട്ടിരി ക്കുന്നു. ദൈവസ്നേഹത്തിന്റെ പ്രഘോഷണമായി നമ്മുടെ ജീവിതം ഈ ജൂബിലി നിറവിൽ മാറേണ്ടിയിരിക്കുന്നു.

ജീവിതം മുഴുവൻ സ്നേഹത്തിന്റെ സാക്ഷ്യമായിത്തീരാൻ ആഗ്രഹിച്ചവളാണ് മിഷൻ മാധ്യസ്ഥയായ കൊച്ചുത്രേസ്യ. അവൾ പറയുന്നു: “സ്നേഹത്തിന് മരണമില്ലെന്ന്, മരിച്ചാലും ജീവിക്കുമെന്ന് അവൾ അറിഞ്ഞിരുന്നു.” മിഷൻ പ്രവർത്തനം എന്നത് ക്രിസ്തുവിന്റെ സാക്ഷിയായി തീരുക എന്നതാണ്. അതിനാൽ മിഷൻ പ്രവർത്തനത്തിന്റെ ആത്മീയശക്തിയായി ചെറുപുഷ്പം മാറി. “എന്റെ ഓരോ കാൽവയ്പും മിഷണറി മാർക്ക് വേണ്ടി ഞാൻ കാഴ്ചവയ്ക്കുന്നു. തന്റെ പ്രേഷിത പ്രവർത്തനങ്ങളുടെ ഭാരത്താൽ ക്ഷീണിതനും ബലഹീനനു മായിത്തീർന്നിരിക്കുന്ന ഏതെങ്കിലും ഒരു മിഷണറിയുടെ ക്ഷീണം ലഘുകരിക്കാനായി എന്റെ ഈ നടപ്പിന്റെ ക്ലേശം ഞാൻ കാഴ്ചവയ്ക്കുന്നു.

വിശുദ്ധരിലും, മിഷണറിമാരിലും നിറഞ്ഞുനിന്നിരുന്ന പ്രേഷിത ചൈതന്യം ഈ ജൂബിലി നിറവിലും നവോന്മേഷ ത്തോടെയും ആദ്യ പെന്തകോസ്തായുടെ നിറവോടെ “നിങ്ങൾ എന്റെ സാക്ഷികളായിരിക്കും” (അപ്പ., പ്ര 1,8) എന്ന ക്രിസ്തു വചനം ഉള്ളിൽ പേറാം. വചനം പ്രഘോഷിക്കാനും, കേൾക്കാനും, ഉത്സുകരാകാം. ജൂബിലി വർഷത്തിലെ പ്രേഷിത പ്രവർത്തനത്തിൽ പരി. അമ്മ നമ്മോടൊത്തുണ്ടായിരിക്കട്ടെ സ്നേഹം കൊണ്ടു നിറയാനും, സ്നേഹത്തിനു സാക്ഷിയായി തീരാനും സർവ്വശക്തൻ കൃപ നൽകട്ടെ. ഈ ജൂബിലി നിറവിലെ മിഷൻ ഞായറിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേർന്നുകൊള്ളുന്നു.

നിങ്ങളുടെ പിതാവ്

**✠ ജോൺ തട്ടുങ്കൽ**









## പത്രാധിപക്കുറിപ്പ്

# സുവിശേഷമാകുക, സുവിശേഷമേകുക...

ഒക്ടോബർ 21-ാം തിയതി 81-ാം മിഷൻ ഞായറാഴ്ചയാണ്. “സഭകൾ മുഴുവനും ലോകം മുഴുവനും വേണ്ടി” എന്നതാണ് ഈ വർഷത്തെ മിഷൻ ഞായറിന്റെ ആപ്ത വാക്യം. രണ്ടാം വത്തിക്കാൻ സൂനഹദോസ് അടിവരയിട്ടു പറഞ്ഞ സഭയുടെ നിലനില്പിന്റെയും ദൗത്യത്തിന്റെയും സാർവ്വത്രികമാനം പ്രസ്തുത ആപ്ത വാക്യത്തിലുണ്ട്. പ്രത്യയശാസ്ത്രങ്ങളെ പുണരുവാനോ ഭൗതീക നേട്ടങ്ങളെ ലക്ഷ്യമിടുവാനോ തുനിയുമ്പോൾ സ്വത്വപ്രതിസന്ധി (Identity Crisis) യിലേക്ക് സഭ ചെന്നു ചേരുന്നു. കാരണം സഭ സ്വഭാവത്താലെ പ്രേഷിതയാണ്, സഭാംഗങ്ങൾ എല്ലാവരും പ്രേഷിതരാണ്.

സഭ പ്രസംഗിക്കുന്ന സുവിശേഷം വ്യവസ്ഥകളില്ലാത്ത ദൈവസ്നേഹ ത്തെക്കുറിച്ചാണ്. അവിടെ സങ്കുചിതമാനോഭാവങ്ങളുടെയും മാറ്റിനിറുത്ത ലുകളുടെയും തരംതാഴ്ത്തലുകളുടെയും ചിന്തകൾ പോലും നിഷിദ്ധം. കാരണം ദൈവസ്നേഹം സാർവ്വത്രികമാണ്. എല്ലാറ്റിനെയും എല്ലാവരെയും വിശുദ്ധീകരിക്കുവാനും ഉൾക്കൊള്ളുവാനും കെല്പുള്ളതാണ്.

സുവിശേഷം പ്രസംഗിക്കുവാൻ മാത്രമുള്ളതല്ല. സഭ സുവിശേഷമായി രിക്കണം. സഭാ ജീവിതത്തിന്റെ എല്ലാ തലങ്ങളും നെയ്തെടുക്കേണ്ടത് സുവിശേഷം കൊണ്ടാണ്. അപ്പോഴാണ് സന്ദേശവാഹകനും സന്ദേശവും ക്രിസ്തുവിൽ ഒന്നായിരിക്കുന്നതുപോലെ, ക്രിസ്തുവിന്റെ ചരിത്രത്തിലെ തുടർച്ചയായ സഭയിലും ഒന്നായി മാറുക. സഭ സുവിശേഷമേകണം, സുവിശേഷമാകണം. ഇത് വെല്ലുവിളിക്കുന്ന ദൗത്യമാണ്. കാരണം കെട്ടിപ്പൊക്കുന്ന സ്ഥാപനങ്ങളാകുന്ന സുരക്ഷിതമാളങ്ങളിൽ ഒളിക്കുവാനുള്ള പ്രവണതയും പ്രലോഭനവും ഉണ്ടാകും. ഒപ്പം ലോകചിന്തയോട് താദാത്മ്യപ്പെട്ട്, ഒഴുക്കിനൊത്ത് നീന്തുവാനുള്ള പ്രലോഭനവും ശക്തമായി പിന്നാലെ വരും. ദൗത്യചിന്തയിൽ ഇവയെല്ലാം തരണം ചെയ്യുവാൻ സാധിക്കണം. ദൗത്യ ബോധമാണ് സഹചാരി യായി എന്നും കൂടെയുണ്ടാകേണ്ടത്.

ലോകം ആവശ്യപ്പെടുന്നത് വിജ്ഞാന വചസ്സുകളല്ല. മറിച്ച് വിശുദ്ധി യുടെ ജീവിക്കുന്ന മാതൃകകളാണ്. മിഷൻ ഞായറാചരണം ലക്ഷ്യമിടുന്നതും ഇതു തന്നെ - വിശുദ്ധരായ പ്രേഷിതരായി മാറുക. വചനത്തിൽ തന്നെത്തന്നെ വിശുദ്ധീകരിക്കുക, ശേഷം വചനം കൊണ്ട് ലേകത്തെ വിശുദ്ധീകരിക്കുക. ക്രിസ്തുവിൽ സ്നാനമേറ്റ ഏതൊരു വ്യക്തിയുടെയും ഏകദൗത്യമിതാണ്.

**എഡിറ്റർ**

സർക്കുലർ
LP/9/2007

# മിഷൻ ഞായർ

ക്രിസ്തുവിൽ പ്രിയ വൈദീകരെ/സന്യാസിസന്യാസിനികളെ/ വത്സലമക്കളെ,

ഒക്ടോബർ 21-ാം തിയതി ഞായറാഴ്ച ആഗോളസഭ മിഷൻ ഞായറായി ആചരിക്കുകയാണ്. ജൂബിലിയുടെ നിറവിലാണ് നമ്മുടെ രൂപത ഈ വർഷം മിഷൻ ഞായർ ആചരിക്കുന്നത്. അനേകം മിഷനറിമാരുടെ ത്യാഗപൂർവ്വകമായ സേവനങ്ങളെ നന്ദിയോടെ നാം അനുസ്മരിക്കുന്നു. അതോടൊപ്പം നാം സ്വീകരിച്ചിരിക്കുന്ന പ്രേഷിതദൗത്യത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുവാനും നമുക്കാവണം.

ഈ ഭൂമിയിലെ തന്റെ ദൗത്യം പൂർത്തിയാക്കി പിതാവിന്റെ ഭവനത്തിലേയ്ക്കു മടങ്ങുന്നതിനു മുമ്പായി യേശുനാഥൻ തന്റെ ശിഷ്യന്മാരെ യുഗാന്ത്യംവരെ തുടരേണ്ട സുവിശേഷ പ്രഘോഷണദൗത്യം ഏൽപിച്ചു. ത്രീയേക ദൈവത്തിന്റെ നാമത്തിൽ എല്ലാ ജനതകളെയും ജ്ഞാനസ്നാനപ്പെടുത്തുവാനാണ് അവിടുന്ന് ആവശ്യപ്പെട്ടത്. ക്രിസ്തുവിന്റെ ദൗത്യം വ്യക്തിനിഷ്ഠമോ ഏതെങ്കിലും സമൂഹത്തിൽ ഒതുങ്ങുന്നതോ ആയിരുന്നില്ല. ലോകത്തെ മുഴുവൻ രക്ഷിക്കുവാനാണ് അവിടുന്ന് ആഗതനായത് (യോഹ. 12, 47). അന്ധകാരത്തിൽ പ്രകാശമായി അവിടുന്ന് ഈ ഭൂമിയിലേയ്ക്കു വന്നു. ക്രിസ്തുവിന്റെ പ്രകാശത്താൽ ലോകം നിറയുവോളം ദൗത്യം തുടരുവാൻ നമുക്ക് കടമയുണ്ട്. പിതാവായ ദൈവം തന്നെ ഈ ഭൂമിയിലേയ്ക്ക് അയച്ചതുപോലെതന്നെയാണ് ക്രിസ്തു തന്റെ ശിഷ്യന്മാരെ ലോകത്തിലേയ്ക്ക് അയച്ചത് (യോഹ. 17, 18). ഈ ദൗത്യം പരമപ്രധാനമാണെന്ന് അവരെ ഓർമ്മിപ്പിക്കുവാൻ കൂടിയാവണം ഒടുവിലത്തെ അത്താഴമേശയിൽ അവിടുന്ന് ശിഷ്യന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചത്.





ദൈവം മനുഷ്യകുലത്തോട് തന്റെ മനസ്സ് നിരന്തരമായി വെളിപ്പെടുത്തുന്നത് നാം ചരിത്രത്തിൽ കാണുന്നുണ്ട്. എന്നാൽ മനുഷ്യാവതാരം ദൈവത്തിന്റെ സ്നേഹസംവാദത്തിന്റെ പൂർണ്ണതയാണ് വ്യക്തമാക്കുന്നത്. ഈ വലിയ സ്നേഹം പങ്കുവെയ്ക്കുവാനാണ് നമ്മെ ഓരോരുത്തരേയും അവിടുന്ന് ക്ഷണിക്കുന്നത്. ക്രിസ്തു വെളിപ്പെടുത്തിയ പിതാവിന്റെ മുഖം ലോകത്തിനു കാട്ടിക്കൊടുക്കുകയാണ് പ്രേക്ഷിത പ്രവർത്തനം കൊണ്ട് അർത്ഥമാക്കുന്നത്. സമൃദ്ധമായ വിളഭൂമി ചൂണ്ടിക്കാട്ടിയാണ് അവിടുന്ന് സുവിശേഷദൗത്യം ഏറ്റെടുക്കുവാൻ കഴിവുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടത്.

ജീവിതത്തിൽ മറ്റെന്തിനേക്കാളും വിലപ്പെട്ടത് തങ്ങളെ ഏൽപ്പിച്ച സുവിശേഷമാണെന്ന ഉത്തമബോധ്യമാണ് പീഡകളുടെ ഇടയിലും ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ അപ്പോസ്തലന്മാരെ ശക്തരാക്കിത്തീർത്തത്. മനുഷ്യരേക്കാൾ ഉപരി ദൈവത്തെ അനുസരിക്കുവാൻ അവർക്കു ശക്തി ലഭിച്ചതും ഈ ദൗത്യബോധത്തിൽനിന്നുമാണ്. നമുക്ക് ഈ കടമയിൽനിന്നും മാറിനിൽക്കുവാൻ അവകാശമില്ലെന്നറിയുക. ക്രിസ്തുവിന്റെ പഠനങ്ങൾക്ക് എക്കാലത്തും പ്രസക്തിയുണ്ട്. സഭയുടെ ദീർഘമായ പാരമ്പര്യത്തിനും പഠനത്തിനുമപ്പുറം ഇന്നും സുവിശേഷ സത്യങ്ങൾ പുതുമയായി നിലനിൽക്കുന്നു. ക്രിസ്തു രഹസ്യത്തെ കാലാനുസൃതമായി വ്യാഖ്യാനിക്കുവാനും പകർന്നു നൽകുവാനുമുള്ള നമ്മുടെ വിളിയിൽനിന്ന് നാം പിന്നോക്കം പോകരുത്. തെറ്റായ പഠനങ്ങളും രചനകളും നമുക്കു ചുറ്റും ഏറി വരുന്നു. പെന്തക്കോസ്ത സമൂഹത്തിന്റെ പ്രവർത്തനങ്ങൾ മറ്റേതു കാലഘട്ടത്തേക്കാൾ നമ്മുടെ സമൂഹത്തിൽ ശക്തി പ്രാപിച്ചു വരുന്നു. ബൈബിളിനെപ്പറ്റിയുള്ള അറിവ് നമ്മുടെ ഇടയിൽ കുറയുന്നതാണ് ഇതിനു പ്രധാന കാരണം. നാം വിശ്വസിക്കുന്നവ പ്രഘോഷിക്കുവാൻ ലജ്ജിക്കേണ്ടതില്ല എന്നു മാത്രമല്ല സുവിശേഷത്തെപ്രതി നമുക്ക് അഭിമാനിക്കുവാനും കഴിയണം.

സഭയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ വില കുറച്ചു കാണിക്കുവാനും സമൂഹമദ്ധ്യേ നമ്മെ ഒറ്റപ്പെടുത്തുവാനുമുള്ള

ശക്തമായ പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും പ്രകടമാണെന്ന കാര്യം നാം ബോധപൂർവ്വം തിരിച്ചറിയണം. തെറ്റായ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് വിശ്വാസികളെ സഭയിൽനിന്നും സഭാ പ്രവർത്തനങ്ങളിൽനിന്നും അകറ്റി നിർത്താനുള്ള ശ്രമങ്ങൾക്കുള്ള മറുപടി നമ്മുടെ കൂട്ടായ്മയും സുവിശേഷാധിഷ്ഠിതമായ നമ്മുടെ കർമ്മപദ്ധതികളുമാവണം. ചുറ്റും ഇരുൾ വീഴുമ്പോഴും വെളിച്ചത്തിന്റെ കൈത്തിരിയുമായി മുന്നേറുവാനാണ് നമ്മുടെ പൂർവ്വികർ നമ്മെ പഠിപ്പിച്ചത്. മറ്റേതു സമൂഹത്തേക്കാൾ സമൂഹപ്രതിബദ്ധതയോടെ മുന്നേറുവാൻ കഴിയുന്നിടത്താണ് സുവിശേഷം വെളിപ്പെടുന്നത്. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെയാണ് നാം ലോകത്തിനു പ്രദാനം ചെയ്യുന്നത്. സത്യത്തിനും ജീവനും വില നഷ്ടമായിക്കൊണ്ടിരിക്കുന്ന ആധുനിക പ്രവണതകൾക്കു മുന്നിൽ ക്രിസ്തുരഹസ്യം കൂടുതൽ ശക്തമായി പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. 450 വർഷത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന നമുക്ക് ഈ ദൗത്യത്തിൽ എത്ര വലിയ ഉത്തരവാദിത്വമാണുള്ളതെന്ന് തിരിച്ചറിയുവാനുള്ള സമയമായി ഈ ആഘോഷങ്ങൾ മാറണം.

സഭയെ പൗലോസ് അപ്പോസ്തലൻ ഒരു ശരീരമായാണ് വിശേഷിപ്പിച്ചത്. അവയവങ്ങൾ തമ്മിലുള്ള പാരസ്പര്യബന്ധം സഭയിലും ഓരോ അംഗങ്ങളും തമ്മിലുണ്ട്. പരസ്പരം പ്രോത്സാഹിപ്പിച്ചും സഹായിച്ചുമാണ് നാം ഒന്നിച്ചു വളരുന്നത്. നമ്മെ നാമാക്കി മാറ്റുന്നതിന് അനേകർ ജീവൻ ത്യജിച്ചു എന്ന സത്യം അംഗീകരിക്കുന്ന നാം മടക്കിക്കൊടുക്കുവാനും ബാധ്യസ്ഥരാണ്. ക്രിസ്തുവിനെ ഇനിയും അറിയാത്ത, അംഗീകരിക്കാത്ത അനേക മനുഷ്യർ ലോകത്തിലുണ്ട്. സുവിശേഷദൂതുമായി ഇവിടെ ജോലിചെയ്യുന്ന മനുഷ്യരെ പ്രാർത്ഥനയാലും സാമ്പത്തികമായും സഹായിക്കുക എന്നത് നമ്മുടെ പ്രധാനപ്പെട്ട കടമകൂടിയാണ്. ആഗോളസഭയുടെ സുവിശേഷപ്രഘോഷണപ്രവർത്തനങ്ങളിലുള്ള നമ്മുടെ പങ്കുചേരലായിട്ടാണ് ഇതിനെ നാം മനസ്സിലാക്കുന്നത്.





അതിനാൽത്തന്നെ മിഷൻ ഞായറിൽ ത്യാഗപൂർവ്വകമായി നാം നൽകുന്ന സംഭാവനകൾ ക്രിസ്തുവിനു കടം കൊടുക്കുന്നതിനു തുല്യമാണ്. വിധവയുടെ ചില്ലിക്കാശിനു വിലമതിച്ച ക്രിസ്തു നമ്മെ തീർച്ചയായും അനുഗ്രഹിക്കും. ജീവന്റെ പുസ്തകത്തിൽ നമ്മുടെ പേരെഴുതിച്ചേർക്കുന്ന പ്രവൃത്തികളായി ഇവ പരിഗണിക്കപ്പെടും എന്നതാണ് ഏറ്റവും വലിയ കാര്യം. സുവിശേഷ പ്രഘോഷണത്തിനായും സഭയുടെ കൂട്ടായ്മയ്ക്കുമായി ഇന്നുവരെയുള്ള നിങ്ങളുടെ പ്രാർത്ഥനയെയും പ്രവർത്തനങ്ങളെയും നന്ദിപൂർവ്വം അനുസ്മരി ക്കുന്നു. നമ്മുടെ കടമകളെപ്പറ്റി നാം കൂടുതൽ ബോധവാന്മാരാകേണ്ട കാലമാണിതെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. മിഷൻ ഞായർ ആചരണത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുള്ള നിങ്ങളുടെ എല്ലാ സംരംഭങ്ങളേയും ദൈവം ഹൃദയപൂർവ്വം ആശീർവദിക്കട്ടെയെന്ന് പ്രാർത്ഥനയോടെ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**✠ ജോൺ തട്ടുങ്കൽ**
കൊച്ചി മെത്രാൻ

# സെന്റ് ലോറൻസ് ചർച്ച്, പള്ളുരുത്തി

## ദേവാലയത്തിന്റേയും ഇടവകയുടേയും ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം



**കെ.പി. ആന്റണി കളപ്പറമ്പിൽ**

**കൊ**ച്ചി രൂപതാതിർത്തിയിൽ പള്ളുരുത്തി MLA റോഡിൽ കരിപ്പേൽ എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് വിശുദ്ധ ലോറൻസ് പുണ്യവാളന്റെ നാമധേയത്തിൽ 1982-ൽ ബഹുമാനപ്പെട്ട സൈമൺ സ്റ്റോക്ക് അച്ചൻ, ഈ പ്രദേശത്തെ ജനങ്ങളുടെ ആത്മീയ വളർച്ചയ്ക്കായി അന്നത്തെ അത്മായ ശ്രേഷ്ഠരുമായി ചേർന്ന് നിലവിലുള്ള കുരിശുപുരയ്ക്ക് പകരമായി പണിതീർത്ത്, മൂന്നു അഭിവന്ദ്യരായ പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യത്താൽ കൂദാശകർമ്മം നടത്തുകയും അന്നേ ദിനം തന്നെ പത്താം പിയൂസ് പുണ്യവാളന്റെ  തിരുശേഷിപ്പ് അൾത്താരയിൽ സ്ഥാപിക്കുകയും ചെയ്ത് ആരംഭിച്ച ദേവാലയം കേന്ദ്രമാക്കി നാലു കൊല്ലങ്ങൾക്ക് ശേഷം 1986 മെയ് മാസം 22-ാം തിയതി സ്നേഹസ്മരണീയനായ കൊച്ചി മെത്രാൻ അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിനാൽ സ്ഥാപിതമായതാണ് സെന്റ് ലോറൻസ് ചർച്ച് പള്ളുരുത്തി.

തെക്ക് കൊല്ലശ്ശേരി റോഡ്, പടിഞ്ഞാറ് കളത്തറ കായൽ, വടക്ക് SDPY റോഡ്, കിഴക്ക് SDPY റോഡിൽ നിന്നും ആരംഭിച്ച് തെക്കോട്ടുള്ള സെറ്റിൽമെന്റ് റോഡ് നമ്പ്യാപുരം റോഡിലൂടെ പടിഞ്ഞോട്ട് വന്ന് ആദ്യത്തെ തെക്കോട്ടുള്ള റോഡ് വഴി ദീപം ജംഗ്ഷനിൽ MLA റോഡിൽ നിന്ന് വീണ്ടും തെക്കോട്ട് ഗവ. ആശുപത്രിക്ക് മുമ്പിലുള്ള റോഡിൽനിന്ന് കിഴക്കോട്ട് കോണം റോഡ് വഴി തെക്കോട്ട് കൊല്ലശ്ശേരി റോഡിൽ അവസാനിക്കുന്നു. ഇതാണ് ഇടവകയുടെ അതിർത്തി.





ക്രിസ്ത്യൻ, ഹിന്ദു, മുസ്ലിം ഇടകലർന്ന് ഐക്യത്തോടെ കഴിയുന്ന പ്രദേശമാണ്. 4500 ഓളം കുടുംബങ്ങൾ ഇടവകാതിർത്തിയിൽ ഉണ്ട്. 90 ശതമാനം കുടുംബങ്ങളും സാധാരണക്കാരാണ്.

ഹിന്ദുക്കൾ എല്ലാം തന്നെ ഈഴവർ; ഏതാണ്ട് മുഴുവൻ പേരും കാലാകാലങ്ങളായി താമസിക്കുന്നവരാണെങ്കിലും ഈ അതിർത്തിയിൽ ക്ഷേത്രങ്ങൾ ഇല്ല. പള്ളുരുത്തി വെളിയിലെ ഭവനീശ്വര ക്ഷേത്രമാണ് അവരുടെ ആത്മീയ കാര്യങ്ങൾ നടത്തുന്നത്. മുസ്ലീം കുടുംബങ്ങൾ കൂടുതലും ഈ അടുത്ത കാലങ്ങളിൽ മട്ടാഞ്ചേരിയിൽ നിന്നും വന്ന് താമസിക്കുന്നവരാണ്. ഈ കാലയളവിൽ തന്നെ അഞ്ച് പള്ളിയും രണ്ട് ഓത്തുപുരയും മുസ്ലീം സഹോദരങ്ങളുടെ ആത്മീയകാര്യങ്ങൾക്കായി ഇടവകാതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. 850 ക്രിസ്ത്യൻ കുടുംബങ്ങളിലായി 3750 അംഗങ്ങൾ ഇടവകയിലുണ്ട്. ഇടവകാതിർത്തിക്കുള്ളിൽ ഒരു കോൺവെന്റും (സെന്റ് അഗസ്റ്റിൻ) നാലു കുരിശുപുരയും ഇവിടത്തെ അൽമായരുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്കായി പ്രവർത്തിക്കുന്നു.

പെരുമ്പടപ്പ് തിരുക്കുടുംബാശ്രമത്തിന്റെ പരിശ്രമത്തിലും അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിന്റെ പ്രത്യേക താൽപ്പര്യത്താലും ദൈവത്തിന്റെ തിരുവിഷ്ടമായി രൂപം കൊണ്ട സെന്റ് ലോറൻസിന്റെ നാമധേയത്തിലുള്ള ഈ ഇടവക ദേവാലയം കരിപ്പേൽ പള്ളിയെന്നും പോത്തമ്പള്ളി പള്ളിയെന്നും അറിയപ്പെട്ടിരുന്നു. പെരുമ്പടപ്പ് സാന്താക്രൂസ് ഇടവകയിൽ നിന്നും സെന്റ് ജോസഫ് ചിറക്കൽ ഇടവകയിൽനിന്നും കൂടാതെ തോപ്പുംപടി സെന്റ് സെബാസ്റ്റിൻസ് ഇടവകയിൽ നിന്നും അടർത്തിയെടുത്ത കുടുംബങ്ങളെ അംഗങ്ങളാക്കിയാണ് ഈ ഇടവക രൂപപ്പെടുത്തിയത്. ഇതിൽ പെരുമ്പടപ്പ് സാന്താക്രൂസ് ദേവാലയം മാതൃദേവാലയമാണ്. പെരുമ്പടപ്പ് തിരുക്കുടുംബാശ്രമത്തിന്റെ ശ്രമഫലമായി രൂപം കൊണ്ട പള്ളിയായതുകൊണ്ട് തിരുക്കുടുംബാശ്രമത്തോട് ഇടവക ജനങ്ങൾ കടപ്പെട്ടിരിക്കുന്നു.

ഈ ദേവാലയം നിർമ്മിച്ച് കൂദാശ ചെയ്തിട്ട് 25 വർഷം കഴിഞ്ഞ 2006 നവംബർ 20-ാം തീയതി പൂർത്തിയായി. പരമപിതാവായ ദൈവത്തിന് ഇടവകാംഗങ്ങൾ ഒന്നുചേർന്ന് നന്ദിയർപ്പിക്കുന്നു. ഈ ജൂബിലി സ്മരണയെ നിലനിർത്തക്ക വിധത്തിൽ പുണ്യവാന്റെ തിരുസ്വരൂപം ഇടവകയിലെ എല്ലാ ഭവനങ്ങളിലും തീർത്ഥാടനം നടത്തി ഒരു കൊല്ലം കൊണ്ട് 2007 നവംബർ 18-ാം തിയതി ദേവാലയത്തിൽ തിരിച്ചുവരത്തക്ക വിധത്തിൽ പ്രയാണം നടന്നുകൊണ്ടിരിക്കുന്നു. ഇടവക മുഴുവൻ പ്രാർത്ഥനയുടെ ചൈതന്യത്തിൽ കൂട്ടായ്മയിലുള്ള സ്നേഹാനുഭവം അനുഭവിച്ചറിയുന്ന ഈ കാലയളവിൽ ചരിത്രത്തിലേയ്ക്കുള്ള ഒരു തിരിഞ്ഞു നോട്ടം തീർച്ചയായും വളരെ നല്ലതാണ്. 25 വർഷങ്ങൾക്കും പിറകോട്ട് ഏതാണ്ട് 65 വർഷങ്ങളിലേയ്ക്ക് എത്തുന്ന ആ നോട്ടത്തിൽ, വലിയ മനസ്സുള്ള ധാരാളം നല്ല മനുഷ്യരെ കാണാം. ത്യാഗങ്ങളും, കൂട്ടായ്മയും, പരിശ്രമങ്ങളും നമ്മളെ തൊഴുകൈയ്യോടെ അവരുടെ മുമ്പിൽ നിർത്തുന്നു. ഒപ്പം ഞങ്ങളെ ഏൽപ്പിച്ച ഈ ദീപം, ഈ പ്രദേശത്തെ വെളിച്ചം അണയാതെ ഒന്നുകൂടി തിളക്കത്തോടെ അടുത്ത തലമുറയ്ക്ക് കൈമാറും എന്ന പ്രതിജ്ഞയോടെ ദൈവപദ്ധതിയാൽ ഞങ്ങൾക്ക് ലഭിച്ച ഈ ദേവാലയത്തിന്റെ ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം.

65 കൊല്ലങ്ങൾക്ക് മുമ്പ് 6 പേർ ചേർന്ന് ക്രിസ്തീയ തിരുബാലസഖ്യം എന്ന സംഘടനയ്ക്ക് രൂപം നൽകി. ഓരോരുത്തരും ഓരോ കെട്ട് ഓലയെടുത്ത് ചെല്ലാനം കട്ടികാടൻ അനുവദിച്ചു കൊടുത്ത സ്ഥലത്ത് ഒരു ഷെഡ് നിർമ്മിക്കുകയും എല്ലാ ദിവസവും സന്ധ്യാ പ്രാർത്ഥനയും, അതാത് കാലങ്ങളിൽ വണക്കമാസാചരണവും നടത്തിവന്നു. എല്ലാ വർഷവും 6 പേർ ചേർന്ന് 6 കെട്ട് ഓല സംഭാവനയായി കൊടുക്കുന്ന പതിവ് നടന്നു പോന്നു. കണ്ണമാലി ഇടവകാംഗം ശ്രീ. B.M. പീറ്റർ എന്ന അത്മായ ശ്രേഷ്ഠൻ ഇലക്ഷനോടനുബന്ധിച്ച് ഈ പ്രദേശത്ത് വരികയും ഈ ഓല മേഞ്ഞ കുരിശുപുര കാണുകയും അദ്ദേഹം സംഭാവന നൽകി ഓട് മേഞ്ഞ ഒരു കുരിശുപുരയായി മാറ്റുകയും ചെയ്തു.





അംഗങ്ങൾ ചേർന്ന് കുരിശുപുരയ്ക്ക് എന്ത് പേരു നൽകണം എന്ന് ആലോചിച്ചു. ഏതാനും വിശുദ്ധരുടെ പേരെഴുതി നർക്കിട്ട് എടുത്ത പേര് വിശുദ്ധ ലോറൻസ് എന്നായിരുന്നു. ഈ നാമധേയം കുരിശുപുരയ്ക്ക് ഇടുകയും ചെയ്തു.

തുടർന്ന് ഈ പ്രദേശത്തെ കുടുംബങ്ങളെ അംഗങ്ങളാക്കി ഒരു മരണഫണ്ട് ആരംഭിച്ചു. വി.ലോറൻസ് പുണ്യവാളന്റെ രൂപം സ്ഥാപിക്കണമെന്ന തീരുമാനപ്രകാരം മാംഗ്ലൂരിൽനിന്നും ഓർഡർ കൊടുത്ത് രൂപം വരുത്തുകയും ഈ കുരിശുപുരയിൽ സ്ഥാപിക്കുകയും ചെയ്തു. ഈ തിരുസ്വരൂപമാണ് പ്രയാണത്തിനായി ഇടവകയിലെ കുടുംബങ്ങളിലേയ്ക്ക് ആഘോഷമായി കൊണ്ടുപോയിരിക്കുന്നത്.

കാലങ്ങൾ കടന്നുപോയതനുസരിച്ച് ആത്മീയ മാറ്റങ്ങൾ വന്നു. നിലവിലുള്ള മരണഫണ്ടിന്റെ പ്രവർത്തനം മന്ദീഭവിച്ചതിനെതുടർന്ന് സംഘടന പുനസംഘടിപ്പിച്ച് സാധു ജന സംരക്ഷണ സമിതി എന്ന പേരിലാക്കുകയും മരണഫണ്ട് പ്രവർത്തനം തുടരുകയും ചെയ്തു. നല്ല മനസ്സുള്ള അൽമായരിൽനിന്നും സംഭാവന സ്വീകരിച്ച് 1965 ൽ കുരിശുപുര പുതുക്കി വലുതാക്കി നിർമ്മിക്കുകയും ബഹു. മോൺസിഞ്ഞോർ മൈക്കൾ കടവിപ്പറമ്പിൽ വെഞ്ചരിപ്പ് കർമ്മം നടത്തുകയും ചെയ്തു. ദുഖവെള്ളിയാഴ്ച്ച പോലും കൂദാശകളിലും കർമ്മങ്ങളിലും പങ്കെടുക്കാൻ പോകാൻ തക്ക ആത്മീയ ബോധം ഇല്ലാതിരുന്ന ഈ പ്രദേശത്തെ ഭൂരിഭാഗം വിശ്വാസികളിൽ ഈശോയെ അനുഭവിച്ചറിയാനും, അങ്ങനെ വിശ്വാസം വളർത്തിയെടുക്കുവാനും, അതിനുവേണ്ടി ഞായറാഴ്ച്ചകളിലെങ്കിലും ഈ കുരിശുപുരയിൽ ദിവ്യബലി അർപ്പിക്കണമെന്ന ആവശ്യം ഈ കാലഘട്ടത്തിൽ കുടുംബസന്ദർശനങ്ങൾക്കായി വന്നിരുന്ന ആൻസലച്ചൻ (OCD) സ്നേഹസ്മരണീയനായ കുരീത്തറ പിതാവിനെ അറിയിച്ചു. ആവശ്യം മനസ്സിലാക്കിയ പിതാവ് പെരുമ്പടപ്പ് തിരുക്കുടുംബാശ്രമത്തിലെ അംഗമായിരുന്ന ആൻസൽ അച്ചനെ ഞായറാഴ്ച്ചകളിൽ ദിവ്യബലി അർപ്പിക്കുന്നതിനായി നിയോഗിച്ചു. 1976 മെയ് മാസത്തിൽ

പെന്തക്കൂസ്ത തിരുന്നാൾ ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് ആരംഭം കുറിക്കുകയും ചെയ്തു. കുരീത്തറ പിതാവി ന്റേയും ആൻസലച്ചന്റേയും ഈ ദൂരക്കാഴ്ചയാണ്, ഇത് ഒരു ഇടവക ദേവാലയമാക്കിത്തീർത്തത് എന്ന് നന്ദിയോടെ സ്മരിക്കുന്നു.

4-7-1975 ൽ ചാപ്പലിന്റെ തെക്കുവശം 2.115 സെന്റ് സ്ഥലം നേർച്ചപ്പെട്ടിയിൽനിന്നും കിട്ടിയ തുക കൊണ്ട് വാങ്ങിച്ചു. 16-2-1977 ൽ കൊച്ചി ബിഷപ്പ് കുരീത്തറ പിതാവ് കട്ടിക്കാട നിൽനിന്നും തീറ് വാങ്ങിയ മൈലന്തറ ജോസഫ് പക്കൽ നിന്നും ചാപ്പലിനുവേണ്ടി 32.5 സെന്റ് സ്ഥലം വാങ്ങിക്കുകയും അതോടൊപ്പം മൈലന്തറ ജോസഫിൽനിന്നും 10 സെന്റ് സ്ഥലം കുടികിടപ്പവകാശമായി ലഭിക്കുകയും ചെയ്തു. 1977 ൽ തന്നെ കുരീത്തറ പിതാവ് പള്ളിക്കുവേണ്ടി കല്ലിടുകയും ചെയ്തു. എന്നാൽ പള്ളി പണി നടന്നില്ല.

ഈ കാലഘട്ടത്തിൽ യുവജനങ്ങൾ ചേർന്ന് സെന്റ് ജേക്കബ് യൂത്ത് അസോസിയേഷൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. അവർ സെന്റ് ജേക്കബിന്റെ ഒരു രൂപം വാങ്ങി ചാപ്പലിൽ വയ്ക്കുകയും പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തിപോരുകയും ചെയ്തു. കൂടാതെ തിരുക്കുടുംബാശ്രമ ത്തിലെ വൈദീകരുടേയും ബ്രദേഴ്സിന്റേയും നേതൃത്വത്തിൽ കുരിശുപുര കേന്ദ്രമാക്കി ആത്മീയ പ്രവർത്തനങ്ങൾ നടത്തി പ്പോന്നു.

1979 ഒക്ടോബറിൽ സൈമൺ സ്റ്റോക്ക് അച്ചനെ ചാപ്ലിനായി നിയമിച്ചു.

**സൈമൻ സ്റ്റോക്ക് അച്ചനും, ദേവാലയം നിർമ്മിക്കാൻ അച്ചൻ നടത്തിയ പ്രവർത്തനങ്ങളും:-**

കൊല്ലം പടപ്പക്കര സ്വദേശിയാണ് സൈമൺ സ്റ്റോക്ക് അച്ചൻ. ന്യായത്തിനും സത്യത്തിനും വേണ്ടി പിടിവാശിപിടി ക്കുന്ന, ദൈവത്തെ ആഴത്തിൽ അനുഭവിച്ചറിഞ്ഞ, അതുകൊണ്ടു തന്നെ വിശ്വാസത്തിൽ കണിശക്കാരനുമായ, താടിയും മീശയും





വളർത്തിയ, കുറിയ ശരീരമുള്ള ഈ പുണ്യാത്മാവിനെ ഞങ്ങൾക്ക് ചാപ്ലിനായ് കിട്ടിയത് തീർച്ചയായും പരമപിതാവായ ദൈവത്തിന്റെ പ്ലാനും പദ്ധതിയും അനുസരിച്ചാണ്. ഈ കാല ഘട്ടത്തിൽ 2.150 സെന്റ് സ്ഥലം സൈമൺ സ്റ്റോക്ക് അച്ചൻ വഴി രൂപത വാങ്ങി. ഈ സ്ഥലത്ത് വേദപാഠ സ്ക്കൂൾ കെട്ടിടം പണിയുന്നതിന് ജർമ്മനിയിലെ തിരുബാല സംഘത്തിന്റെ സഹായമഭ്യർത്ഥിച്ചുകൊണ്ട് കത്ത് അയച്ചു. “നോ ഫണ്ട്” എന്ന മറുപടിയെ തുടർന്ന് അൾത്താരയുടെ മുകളിൽ എഴുത്ത് വയ്ക്കുകയും ഫണ്ട് അനുവദിക്കുമോ ഇല്ലയോ എന്നറിയാം എന്ന് പറഞ്ഞ് കുർബ്ബാന അർപ്പിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. അതിശയം എന്നു പറയട്ടെ ദൈവ ത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ 96000/- രൂപ അനുവദിച്ചു വന്നു. സഹായധനം കിട്ടിയതുകൊണ്ട് കാറ്റെക്കെറ്റിക്കൽ സെന്റർ പണിയുകയും 9-9-1980 ൽ വെഞ്ചരിപ്പ് നടത്തുകയും ചെയ്തു. ഈ പ്രദേശത്ത് ഒരു ദേവാലയത്തിന്റെ ആവശ്യകത കുറച്ചുകാലത്തെ പ്രവർത്തനം കൊണ്ട് ബോദ്ധ്യപ്പെട്ട സൈമൺ സ്റ്റോക്ക് അച്ചൻ ഒരു ദേവാലയം പണിയുന്നതിന്നായി ജർമ്മനി യിലെ മിസ്സിയോ എന്ന സംഘടനയ്ക്ക് ഒരു പ്രോജെക്ട് തയ്യാറാക്കി കുരീത്തറ പിതാവിന്റെ അനുമതിയോടെ അയയ്ക്കു കയും 4 ലക്ഷം രൂപ ലഭിക്കുകയും ചെയ്തു. 10-8-1980 ൽ പുതിയ ദേവാലയത്തിന് അടിസ്ഥാനശിലയിടുകയും പണിയാരംഭി ക്കുകയും രാത്രിയെന്നോ പകലെന്നോ ഇല്ലാതെ തൊഴിലാളി കളോടും അൽമായരോടും ഒപ്പം സിമന്റിറക്കാനും കൂലിപ്പണി ചെയ്യാനും കർമ്മനിരതനായിരുന്നു അച്ചൻ. അക്കാലത്തെ അട്ടി മറിക്കാർ പോലും അച്ചനോട് തോറ്റുപോയിരുന്നു.

സൈമൺ സ്റ്റോക്ക് അച്ചനെക്കുറിച്ച് ഈ പ്രദേശത്തുള്ളവർ ഭയഭക്തിയോടുകൂടെ മാത്രമേ പറയുകയുള്ളൂ. അച്ചൻ ചാർജെടുത്ത് ആദ്യം നടത്തിയ തിരുന്നാളിൽ പ്രദക്ഷിണത്തിനു മുമ്പ് പെയ്തു തുടങ്ങിയ മഴയെ കണ്ട് കൂട്ടുകാരോട് പറയും പോലെ വിശുദ്ധനോട് “ലോറൻസേ പ്രദക്ഷിണം തിരിച്ചുവരുന്ന തിനു മുമ്പ് മഴ പെയ്താൽ നിന്നെ വഴിയിൽ വച്ചിട്ടു പോരും”

എന്ന് പറഞ്ഞ് കുട വിടർത്തിയവരുടെ കുട ഓടി നടന്നു ചുരുക്കി പ്രദക്ഷിണം തുടങ്ങി. പ്രദക്ഷിണം തിരിച്ച് പള്ളിയിൽ എത്തുന്നതുവരെ മഴ പെയ്തില്ല. മഴയെ തടഞ്ഞു നിർത്തിയ സംഭവം പോലെ പല അത്ഭുതങ്ങളുമിവിടെ സംസാരവിഷയമാണ്.

സംഭാവനയായി കിട്ടിയ ഓരോ പൈസയുടേയും മൂല്യം ശരിക്കും മനസ്സിലാക്കി, തനിക്ക് ശാരീരികവും മാനസികവും ആത്മീയവുമായി ദൈവം നൽകിയ എല്ലാ കഴിവുകളും ഈ ദേവാലയ നിർമ്മാണത്തിനായി അച്ചൻ ഉപയോഗിച്ചു. അതു കൊണ്ടുതന്നെ ഇടവകയിൽ ഏതു കുഞ്ഞിനോടും പള്ളി നിർമ്മിച്ചത് ആരെന്ന് ചോദിച്ചാൽ 'സൈമൺ സ്റ്റോക്ക് അച്ചൻ' എന്ന് പെട്ടെന്ന് ഉത്തരം വരും. അച്ചന്റേയും മറ്റെല്ലാവരുടേയും പരിശ്രമത്താൽ പണിതീർത്ത ദേവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മം 13-11-1982 ൽ നടത്തി. 20-11-1982 ൽ അഭിവന്ദ്യരായ കൊല്ലം റിട്ട. ബിഷപ്പ് ജറോം ഫെർണാണ്ടസിന്റെ മുഖ്യകാർമ്മികത്വത്തിലും കൊല്ലം ബിഷപ്പ് ജോസഫ് ഫെർണാണ്ടസ് പിതാവിന്റേയും കൊച്ചി രൂപത ബിഷപ്പ് ജോസഫ് കുരീത്തറ പിതാവിന്റേയും സഹകാർമ്മിത്വത്തിലും ദേവാലയത്തിനുള്ളിൽ 14 സ്ഥലങ്ങളിൽ മാർബിൾ ഫലകങ്ങൾ പതിച്ച് പ്രത്യേക പ്രർത്ഥന നടത്തി പള്ളി കൂദാശ ചെയ്യുകയും 10-ാം പിയൂസ് പുണ്യവാളന്റെ തിരുശേഷിപ്പ് അൾത്താരയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് എല്ലാ ദിവസങ്ങളിലും കുർബ്ബാന അർപ്പിക്കുന്നതിന് പിതാവ് അനുമതി നൽകി.

വിശുദ്ധ ലോറൻസിന്റെ അനുഗ്രഹങ്ങൾ ധാരാളമായി സ്വീകരിച്ചിട്ടുള്ള ഈ പ്രദേശത്തുള്ളവർ സൈമൺ സ്റ്റോക്ക് അച്ചനോട് പുണ്യവാളന്റെ നൊവ്വേന തുടങ്ങണമെന്ന് പറഞ്ഞതിനെ തുടർന്ന് അച്ചൻ തന്നെ വിശുദ്ധനെക്കുറിച്ച് നൊവ്വേന രചിക്കുകയും കുരീത്തറ പിതാവിന്റെ അംഗീകാരം വാങ്ങി 10-8-1983 ൽ നൊവ്വേന ആരംഭിക്കുകയും ചെയ്തു. ഇന്നും എല്ലാ വ്യാഴാഴ്ച്ചയും നൊവ്വേന ചൊല്ലുകയും പ്രത്യേക നിയോഗമായി നേർച്ചക്കഞ്ഞി വിതരണം നടത്തുകയും ചെയ്യുന്നു.





1984 ൽ ബഹുമാന്യനായ സൈമൺ സ്റ്റോക്ക് അച്ചൻ ട്രാൻസ്ഫർ ആകുകയും തുടർന്ന് ബഹുമാന്യനായ ജോയി പനക്കൽ അച്ചൻ, ബോസ്ക്കോ അച്ചൻ എന്നിവർ ചാപ്ലിന്മാരായി തിരുക്കുടുംബാശ്രമത്തിൽനിന്നും നിയോഗിക്കപ്പെട്ടു. ബഹു. വൈദീകർ ഈ ദേവാലത്തിനു ചുറ്റുമുള്ള പ്രദേശത്തെ അൽമായരായ ക്രൈസ്തവരെ ഒരു കൂട്ടായ്മയായി വളർത്തുവാൻ സഹായിച്ചു. കെ.സി.വൈ.എം., മരിയൻ സൊഡാലിറ്റി എന്നീ സംഘടനകളും കുടുംബയൂണിറ്റുകളും ആരംഭിക്കുകയും ചെയ്തു. ആന്ധ്രയിൽ കൂടുതൽ ശക്തമായ സേവനത്തിനായി ഇവിടെനിന്നും പോയ സൈമൺ സ്റ്റോക്ക് അച്ചൻ 17-11-1991 ൽ ആന്ധ്രായിലുള്ള കൊത്തഗുഡം എന്ന സ്ഥലത്ത് സെന്റ് ഫ്രാൻസീസ് അസ്സീസ്സി പള്ളിയിൽ വച്ച് കർത്താവിൽ നിദ്ര പ്രാപിച്ചു. ദൈവവേലയ്ക്കായി എല്ലാം മറന്നുള്ള പ്രവർത്തനം വഴി തന്റെ കടമകൾ നിർവ്വഹിച്ച് ദൈവസമക്ഷം നമുക്കായി മാദ്ധ്യസ്ഥം വഹിക്കുന്നു. ആകസ്മികമായ അച്ചന്റെ നിര്യാണത്തിൽ അന്ത്യകർമ്മങ്ങളിൽ പങ്കെടുക്കുവാനും അനുശോചനം രേഖപ്പെടുത്തുവാനും ഇടവകയ്ക്കുവേണ്ടി പോത്തമ്പള്ളി വക്കച്ചൻ ആന്ധ്രയിൽ പോയിരുന്നു.

ഈ പള്ളി ഇടവകയായി രൂപീകരിക്കുന്നതിനു മുന്നോടിയായി ബഹു. ഡെൻസൻ ഒലിവർ അച്ചനെ പെരുമ്പടപ്പ് സാന്താക്രൂസ് ദേവാലയത്തിന്റെ സഹവികാരിയായും ഈ ദേവാലയത്തിന്റെ ചാപ്ലിനായും കുരീത്തറ പിതാവ് 1986 ജനുവരി 20 നു നിയമിച്ചു.

സ്നേഹനിധിയായ കുരീത്തറ പിതാവ് 22-5-1986 ൽ സെന്റ് ലോറൻസ് പള്ളിയെ ഇടവകയായി പ്രഖ്യാപിക്കുകയും പ്രഥമ വികാരിയായി ബഹു. ഡെൻസൻ ഒലിവർ അച്ചനെ നിയമിക്കുകയും ചെയ്തു. അച്ചൻ ഇടവകയുടെ രൂപീകരണം വളരെ ഭംഗിയായി നിർവ്വഹിച്ച് കുടുംബയൂണിറ്റുകൾ ഇടവകാടിസ്ഥാനത്തിൽ സ്ഥാപിച്ചു. കൂടാതെ മറ്റ് എല്ലാ ഭക്തസംഘടനകൾക്കും തുടക്കം കുറിച്ചു. വിവാഹ ഫണ്ട്, മരണഫണ്ട് എന്നിവ രൂപതയിൽ തന്നെ ആദ്യമായി ഈ ഇടവകയിലാണ് തുടക്കം കുറിച്ചത്. അതിന് നേതൃത്വം നൽകിയത് ഡെൻസൻ അച്ചനാണ്.

വളരെയേറെ എതിർപ്പുകളെ മറികടന്ന് അച്ചന്റെ പ്രത്യേക കഴിവും ദൈവത്തിന്റെ പരിപാലനയും കൊണ്ട് സിമിത്തേരി നിർമ്മിക്കുകയുണ്ടായി. സിമിത്തേരിയിൽ ആദ്യമായി അടക്കി യത് വിശുദ്ധന്റെ മരണത്തെ ഓർമ്മിപ്പിക്കുന്ന പൊള്ളലേറ്റ് മരിച്ച ഒരു യുവാവിന്റേതായിരുന്നു എന്നത് ദൈവനിശ്ചയം എന്നു കരുതുന്നു.

ആത്മീയമായി തന്റെ അജഗണങ്ങളെ വളർത്തുന്നതോ ടൊപ്പം സാമൂഹികമായും ഈ പ്രദേശത്തെ ശക്തമാക്കുവാൻ അച്ചന്റെ 5 വർഷത്തെ ഇടവക ഭരണം ഉപയോഗപ്പെട്ടു. ആ കാലഘട്ടത്തിൽ പള്ളുരുത്തി സെറ്റിൽമെന്റിലെ അന്തേവാസികൾ അനുഭവിച്ചുകൊണ്ടിരുന്ന കഷ്ടപ്പാടുകൾ നേരിട്ടു മനസ്സിലാക്കിയ അച്ചൻ അധികാരികളുടെ കണ്ണുതുറപ്പിക്കുവാൻ ഇടവകാംഗ ങ്ങളെ മുൻനിരയിൽ നിർത്തി സമരം നടത്തിയ സംഭവം എന്നും ഓർമ്മിക്കത്തക്കതാണ്.

തുടർന്ന് ബഹു. ജയിംസ് അച്ചൻ ഇടവക വികാരിയായി ചാർജ്ജെടുത്തു. ഡെൻസൻ അച്ചൻ തുടങ്ങിവച്ച പ്രവർത്തന ങ്ങൾക്ക് ശക്തമായ പിന്തുണ നൽകുകയും ഇടവകയിലെ കലാകാരന്മാരെ ഒരുമിച്ചുകൂട്ടി സംഗീത ഉപകരണങ്ങളും മറ്റും വാങ്ങി ഒരു നല്ല ഗായകസംഘം സംഘടിപ്പിച്ചുകൊണ്ട് ദിവ്യബലിയും മറ്റും സജീവമാക്കി. മൂന്നുകൊല്ലക്കാലം സേവനം ചെയ്ത ശേഷം കനോസിയൻ സഭയുടെ പ്രവർത്തനങ്ങൾക്കായി ജയിംസച്ചൻ പോയി.

പിന്നീട് ഡോമിനിക്ക് അലുവാപ്പറമ്പിലച്ചൻ വികാരിയായി വരികയും തന്റെ മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ യൂണിറ്റുകൾ വളരെ സജീവമാക്കുകയും ചെയ്തു. വൈഡ്സ്, സാറ്റ് എന്നീ സംഘടനകൾ വഴി 17 വീടുകൾ നിർമ്മിച്ചു. പ്രമുഖ രായ വ്യക്തികളെ കൊണ്ടുവന്ന് ധാരാളം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന അൾത്താര പുതുക്കി പണിയുകയും അതോടൊപ്പം പുതിയ മേടയും പണിതീർത്ത് വെഞ്ചരിപ്പ് നടത്തി. വിശുദ്ധ യൗസേപ്പി താവിന്റെ നേർച്ചസദ്യ ആരംഭിച്ചു. ദേവാലയത്തിന്റെ പിൻവശം





കുറച്ചുകൂടി സ്ഥലം വാങ്ങിക്കുകയും വടക്കുവശം മതിൽ കെട്ടു കയും ചെയ്തു. ആദ്യസംഘടനയായി മരണഫണ്ടിന്റെ കൈ വശം ബാക്കി വന്ന 10,000 രൂപ അതിലെ അംഗങ്ങൾ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുന്നാളിന് സദ്യ നടത്തുവാൻ വിൻസന്റ് ഡി പോൾ സൊസൈറ്റിയെ ഏൽപ്പിച്ചതു ഡോമിനിക്ക് അച്ചനെ ഏൽപ്പിക്കുകയും ഇടവകാടിസ്ഥാനത്തിൽ എല്ലാ കൊല്ലവും നേർച്ചസദ്യ നടത്തുവാനും വിശുദ്ധന്റെ തിരുനാൾ ആഘോഷി ക്കുവാനുമായി തീരുമാനിക്കുകയും ഇന്നും ഇടവകയുടെ ഈ കൂട്ടായ്മ വളരെ ഭംഗിയായി നടന്നുപോരുകയും മിച്ചം വരുന്ന ഫണ്ട് ഇടവകയുടെ ഉന്നമനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

പിന്നീട് ജോസഫ് പൊള്ളയിലച്ചൻ ഇടവക വികാരിയായി നിയമിതനായി. അച്ചൻ തന്റെ പ്രസംഗത്തിലൂടേയും പ്രാർത്ഥന ചൈതന്യത്താലും ആത്മീയമായി ഇടവകാംഗങ്ങളെ വളർത്തി. ഈ കാലഘട്ടത്തിൽ ക്രിസ്തീയ സമുദായത്തിന്റെ വളർച്ചയ്ക്ക് രൂപം കൊണ്ട CSS സംഘടനയുടെ ഒരു ശാഖ പൊള്ളയിലച്ചന്റെ പിന്തുണയോടുകൂടെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

അച്ചന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ഓർമ്മിക്കത്തക്കതാ യിരുന്നു, എല്ലാ കൊല്ലവും ഒക്ടോബർ മാസത്തിൽ മാതാവിന്റെ തിരുസ്വരൂപം ഒന്നാം യൂണിറ്റുമുതൽ അന്ന് നിലവിലുണ്ടായിരുന്ന 18 യൂണിറ്റുകളിലും കൊണ്ടുപോയി ഒരു ദിവസത്തെ പ്രാർത്ഥന നടത്തി പള്ളിയിലേയ്ക്ക് ആഘോഷമായി കൊണ്ടുവരുന്ന ജപമാല മാസാചരണവും, അച്ചന്റെ ഭക്തിനിർഭരമായ പ്രാർത്ഥന കളും. സ്നേഹനിധിയായ പൊള്ളയിലച്ചൻ ഞങ്ങൾക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിക്കും എന്ന വിശ്വാസ ത്തോടെ നന്ദിയോടെ സ്മരിക്കുന്നു.

തുടർന്ന് ബഹു. പയസച്ചൻ വികാരിയായ് വരുകയും യൂണിറ്റുകളിൽ ഇലക്ഷൻ നടത്തി പുതിയ കൺവീനർമാരെ തിരഞ്ഞെടുക്കുകയും പാസ്റ്ററൽ കൗൺസിലിൽ പുതിയ അംഗങ്ങളെ ചേർക്കുകയും പുനസംഘടിപ്പിക്കുകയും ചെയ്തു.

യൂണിറ്റുകളിൽ ഓരോ വർഷത്തേയ്ക്കും പ്രത്യേകം തയ്യാറാക്കിയ ക്ലാസ്സുകൾ പ്രതിമാസ പ്രാർത്ഥനയോഗത്തിൽ നടത്തുകയും കൂടാതെ ബൈബിൾ ക്വിസ്സ് നടത്തുകയും ചെയ്യുമായിരുന്നു. പയസച്ചന്റെ ഭരണകാലത്താണ് ജോൺ തട്ടുങ്കൽ പിതാവിന്റെ ഇടവക സന്ദർശനം, പുതിയ മെത്രാനായി അവരോധിക്കപ്പെട്ട ജോസഫ് കരിയിൽ പിതാവിനു സ്വീകരണം, സൈമൺ സ്റ്റോക്ക് അച്ചന്റെ 10-ാം ചരമ വാർഷികം എന്നിവ നടന്നത്. ഈ കാലഘട്ടത്തിലാണ് പാരിഷ് ഹാൾ, KCYM ന്റെ ചുമതലയിൽ മാതാവിന്റെ ഗ്രോട്ടോ, ശവവണ്ടി, സിമിത്തേരിയിൽ ഗ്രോട്ടോ, ഊട്ടുശാല, പുതിയ മരണഫണ്ട് എന്നിവ ഉണ്ടായത്. ഇടവകയിൽ പല തരത്തിലുള്ള പ്രതിഭകളെ കണ്ടെത്തുകയും അവരുടെ കഴിവുകൾ വളർത്തുകയും ചെയ്യുന്നതിൽ അച്ചൻ ഉത്സുകനായിരുന്നു. സൈമൺ സ്റ്റോക്ക് മെമ്മോറിയൽ എൻഡോവ്മെന്റ് തുടങ്ങുകയും വർഷം തോറും ഏറ്റവും ഉയർന്ന വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്കും SSLC മുതൽ മേലോട്ട് ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ കുട്ടികൾക്കും സമ്മാനം നൽകി പ്രോത്സാഹിപ്പിച്ചു. അച്ചൻ ട്രാൻസ്ഫർ ആകുന്നതിനു മുമ്പ് ഒരു പോപ്പുലർ മിഷൻ ധ്യാനം നടത്തിയത് ഇടവകയിൽ വലിയ ഒരനുഭവം തന്നെയായിരുന്നു.

ഞങ്ങളുടെ ഇടവക ദീപശിഖ, ഇപ്പോഴത്തെ വികാരി ബഹു. ആന്റണി പുളിക്കലച്ചന്റെ കൈകളിൽ എത്തുമ്പോൾ ദേവാലയം നിർമ്മിച്ചിട്ട് 25 വർഷവും ഇടവകയായിട്ട് 20 വർഷവും തികയുന്നു. ജൂബിലി നടത്തി അനുഭവസമ്പന്നതയുള്ള ആന്റണി പുളിക്കലച്ചനെ ഈ അവസരത്തിൽ വികാരിയായി ദൈവം നൽകിയത് ദൈവത്തിന്റെ പ്ലാനും പദ്ധതിയുമാണ്. യൂണിറ്റുകളിൽ അംഗത്വ ബുക്ക് നൽകി ക്രമപ്പെടുത്തി യൂണിറ്റ് പ്രാർത്ഥനകൾ സജീവമാക്കി അച്ചൻ.

ദേവാലയത്തിന്റെ കൂദാശ ജൂബിലി മാതൃദേവാലയമായ പെരുമ്പടപ്പ് സാന്താക്രൂസ് പള്ളിയിൽനിന്നും ദീപശിഖ പ്രയാണത്തോടെ ആരംഭിച്ച് ഇടവക മുഴുവൻ ചുറ്റിപള്ളിയിൽ





എത്തുകയും തുടർന്ന് 5 ദിവസത്തെ ആഘോഷങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി ഒരു വർഷം കൊണ്ട് അവസാനിക്കുന്ന വിശുദ്ധ ലോറൻസിന്റെ തിരുസ്വരൂപ പ്രയാണത്തിന് ആരംഭം കുറിക്കുകയും ചെയ്തു. SSLC യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ഫോട്ടോ പതിച്ച് അവാർഡുകൾ നൽകി പ്രോത്സാഹിപ്പിച്ചു. ദേവാലയത്തിന്റെ ചുറ്റുമതിൽ പണിതീർത്തു. പള്ളി കോമ്പൗണ്ടിന്റെ ഊട്ടുശാലയ്ക്കായ് ഊട്ടുശാലയുടെ സഹകരണത്തോടെ ഒരു കെട്ടിടം പണിതീർത്തു. യൂണിറ്റുകളിൽ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തി. രൂപതയുടെ ജൂബിലിയോടനുബന്ധിച്ച് ഒരു വർഷത്തേയ്ക്കുള്ള പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. ഞായറാഴ്ചകളിൽ ദിവ്യബലി സമയത്ത് വിശ്വാസികൾക്ക് ദേവാലയത്തിനകത്തു നിൽക്കുവാൻ സ്ഥലമില്ലാത്തതിനെ തുടർന്ന് അൾത്താര പിന്നിലേയ്ക്ക് മാറ്റി നല്ലൊരു അൾത്താര ജൂബിലി സ്മാരകമായി നിർമ്മിക്കുവാനുള്ള പ്രവർത്തനവും നടന്നു വരുന്നു. നൂതനമായ കാഴ്ച്ചപ്പാടും അറിവും ഉത്സാഹവുമുള്ള ആന്റണി അച്ചൻ തന്റെ സേവന കാലയളവിൽ ദൈവ തിരുവിഷ്ടത്തിനനുസരിച്ച് ഞങ്ങളുടെ ഇടവകയെ സമഗ്രമായ വികസനത്തിൽ എത്തിക്കും എന്ന വിശ്വാസത്തോടെ അച്ചനു എല്ലാ അനുഗ്രഹങ്ങളും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

65 കൊല്ലത്തെ ചരിത്രത്തിൽ നന്ദിയോടെ സ്മരിക്കേണ്ട ഒത്തിരി പേരുണ്ട്. അഭിവന്ദ്യരായ കുരീത്തറ പിതാവ്, ജോൺ തട്ടുങ്കൽ പിതാവ്, കാലാകാലങ്ങളിലെ ബഹു. വികാരിമാർ, തിരുക്കുടുംബാശ്രമ വൈദീകർ, സെന്റ് അഗസ്റ്റിൻ കോൺവെന്റ് അംഗങ്ങൾ, അൽമായ ശ്രേഷ്ഠർ അങ്ങനെ പ്രത്യേകം പേരെടുത്തു പറയേണ്ട ഒത്തിരി പേരുണ്ട്. "ഈ ചെറിയവരിൽ ഒരുവന് എന്റെ നാമത്തിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കില്ല" എന്നരുൾ ചെയ്ത ദൈവസമക്ഷം അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ടും ഒത്തിരി നന്ദിയോടെ സ്മരിച്ചുകൊണ്ടും എല്ലാവരേയും ദൈവസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

## ഇടവകയിലെ സംഘടനകൾ

1. ഫ്രാൻസിസ്ക്കൻ മൂന്നാം സഭ
2. മരിയൻ സൊഡാലിറ്റി
3. ലീജിയൻ ഓഫ് മേരി
4. വിൻസെന്റ് ഡി പോൾ സൊസൈറ്റി
5. ചെറുപുഷ്പ മിഷൻ ലീഗ്
6. കെ.സി.വൈ.എം.
7. വൈഡ്സ്
8. ഊട്ടുശാല
9. മതബോധന സ്ക്കൂൾ

കൂടാതെ സെന്റ് അഗസ്റ്റിൻ കോൺവെന്റ്, സെന്റ് ജോർജ്ജ് ചാപ്പൽ, സെന്റ് ജേക്കബ് ചാപ്പൽ (2)

## സെന്റ് അഗസ്റ്റിൻ കോൺവെന്റ്

1500-ാമാണ്ടിൽ ഇറ്റലിയിലെ സാൻ ജൊവാന്നി വൽദാർണേ എന്ന സ്ഥലത്ത് മരിയ ദി ജാക്കോബ് ഫന്തോസി എന്ന വിധവയായ സ്ത്രീയാൽ സ്ഥാപിതമായ മംഗലവാർത്താ മാതാവിന്റെ അഗസ്റ്റിനിയൻ സന്യാസിനി സഭയുടെ ശാഖ 1986 ഡിസംബർ 30-ാം തീയതി കേരളത്തിൽ കൊച്ചിയിലെ മെത്രാസന മന്ദിരത്തിനടുത്ത് താൽക്കാലികമായി സ്ഥാപിതമായി. തുടർന്ന് പള്ളുരുത്തിയിൽ പണിതീർക്കപ്പെട്ട സന്യാസ ഭവനം 1991 ഫെബ്രുവരി 19-ാം തീയതി അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവ് ആശീർവ്വദിക്കുകയുണ്ടായി. വിദ്യാഭ്യാസവും രോഗിശുശ്രൂഷയും ഇടവക പ്രവർത്തനങ്ങളും ജീവിത ശൈലിയാക്കിയ അഗസ്റ്റീനിയൻ സന്യാസിനി സഭ ഇന്ന് കേരളത്തിൽ മൂന്നു രൂപതകളിലും കേരളത്തിനു പുറത്തും സേവനമനുഷ്ഠിക്കുന്നു.





# APPOINTMENTS

His Excellency **Rt. Rev. Dr. John Thattumkal** has appointed **Rev. Fr. Antony Valiaveettil** as the Priest in - Charge of St. Thomas Moor Parish, Palluruthy (16/A/2007).

Relieving order was issued to **Rev. Msgr. Mathew Valiaparambil** from his office as the Parish Priest of St. Thomas Moor Parish, Palluruthy at the completion of his 75th year of age (17/A/2007).

## MONTHLY RECOLLECTION FOR PRIESTS

**(AT BISHOP'S HOUSE)**

**Date : 03/10/2007**

**Time : 10.00 a.m.**

**Theme : An Awareness Programme on Social Activities of the Diocese**

## പ്രീ – കാന കോഴ്സ്

**2007 ഒക്ടോബർ**

**11, 12, 13, 14**

**തിയതികളിൽ**

# WORLD YOUTH DAY - PILGRIMAGE

(Organised by CBCI Commission for Youth, New Delhi)

## XXIII World Youth Day, Sydney, Australia, July 15-20, 2008

**1. Theme :** The Pontifical Council for laity (PCl), Vatican, Rome, once in three years organises the World Youth Day in collaboration with a local co-host country. **The 23rd world youth day will be hosted by Australia, in Sydney, from 15th to 20th July 2008.** The theme of the world youth day is **"You will receive the power when the Holy Spirit has come upon you; and you will be my witnesses"**

This gathering is of Young people of 16 years and above, animators, priests, religious & laity of the church from all over the world. Young people from all over the world will gather to reaffirm their faith in Christ and unite in the spirit of one church. For the first time the CBCI commission for youth has taken initiative to take a delegation of 1200 members.

**2. Programme of events (15-20 July 2008) :** World Youth Day will be officially opened at the **Opening Mass** presided by Cardinal George Pell, Archbishop of Sydney, on Tuesday 15 July 2008. The 16, 17 and 18 July 2008 will be a "triduum" or three days of preparation leading up to the Vigil and Mass with the Holy Father. The traditional **catechesis** will take place on each of these three mornings. Bishops from all over the world will give catechesis in specific languages in churches and meeting halls around metropolitan Sydney. Throughout the three days, special importance will be given to the Sacrament of Reconciliation.

In the afternoons and evenings of these three days (16, 17, 18 July) the **Youth Festival** will take place at locations around the city centre. The welcome for the Holy Father will take place on the





afternoon of Thursday 17 July with the Holy Father travelling by boat on Sydney Harbour to a solemn **Welcome Ceremony** at the same central Sydney location as the Opening Mass.

On Friday 18 July in the evening there will be the **Way of the Cross** through the streets of Sydney and along the foreshores of Sydney Harbour.

The culmination of World Youth Day will be the **Vigil** with the Holy Father on Saturday night 19 July and the **Papal Mass** in the morning on Sunday 20 July. This will take place at Randwick Racecourse, 9 km from Sydney city centre. **The Pilgrim Walk** to the Racecourse will include a walk across the Sydney Harbour Bridge.

**3. Youth Festival :** The Youth Festival will take place in different parts of Sydney during the afternoons and evenings from 16 to 18 July (except for the time dedicated to the Welcome Ceremony and the Way of the Cross). The purpose of the Youth Festival is to allow young people from all over the world to share their artistic, religious and spiritual experiences of faith and life.

**4. Days in the Australian and New Zealand Dioceses (10-14 July 2008) :** It has become a tradition of World Youth Day for the dioceses of the host country to offer hospitality to young pilgrims on their way to the WYD host city. The dioceses of Australia and New Zealand, have extend invitation to all groups for the day in their diocese.

**5. Packages:** These are the different groups and packages for delegates wanting to participate in the world youth day:

| | | | |
|---|---|---|---|
| 5.1 | Group A: Delhi-Australia-NewZealand-Singaporel-Bangkok-Delhi | = | Rs.78,000/- |
| 5.2 | Group B: Delhi-Australia-New Zealand-Australia-Delhi | = | Rs.72,000/- |
| 5.3 | Group C: Delhi-Singapore-Australia-Singapore -Delhi | = | Rs. 70,000/- |
| 5.4 | Group D: Delhi-Bangkok- Australia-Bangkok -Delhi | = | Rs. 70,000/- |
| 5.5 | Group E: Delhi-Australia-Delhi | = | Rs. 64,000/- |

**All the Packages will include:**

Air tickets with departure taxes, registration for WYD 2008, insurance for delegates in the delegation, visa Expenses, immigration charges, orientation programs, delegates kit bag, local tour in the days in the diocese, board & lodge.

- **Days in the Diocese in New Zealand (Those opting for Group A & B)**
- **Visit Singapore/ Bangkok (Two days/One Night) for group A, C& D**
  Site seeing, stay in twin sharing basis, meals, local guide.

**6. REGISTRATION: The above mention cost is applicable for all participants** - Please send Rs. 15,000/- (Fifteen thousand only) non-refundable DO in favour of **"WYD 08 A/C. No. 53.10147"** (South Indian Bank, Cannaught Place) to WYD 08 National coordination Youth Office by 30th December '07 to get included in the pilgrimage Group. Please send the rest of the amount in equal instalments or the entire amount on or by 29th Feb. 2008.

**7. Further Details:** Do contact the ICYM National Youth office, CBCI Centre, 1 Ashok Place, Goldak Khana, New Delhi-H0001 for more details or write to wyd2008india@gmail.com . You can also call at 11-23340773, 9873361439, 9868944075, and 9868868188, for information and registration forms.





# NATIONAL SEMINAR

## Exploring the Roots of Cochin - A Paradigm Shift in values

**Date : 19th and 20th of October 2007**

**Venue : Alpha Pastoral Centre, Edacochin, Cochin - 6**

Down the memory lane is always a nostalgic experience. If so, an academic pursuit on the history lane is bound to be a refreshing intellectual exercise as well. The conviction that exploring the roots of existence adds value to life in general and refines one's cultural ethos, inspires the Diocese of Cochin to expose and invite the history loving minds to one such enlightening encounter. With the view to facilitating a Paradigm Shift to the New World against the back drop of globalization, this diocese that enjoys the unique position of being the mother of its counterparts in Southern and Eastern India, Burma and Sri Lanka, serves a sumptuous fiesta of international dimensions on history.

Cochin, the Queen of the Arabian Sea, has a pride of place in the historic map of India. The rich legacies left behind by the cultural aristocracy of the Maharajas, the towering sense of humanity transmitted by the Mughal regime, the renaissance ushered in by the Christian Missionaries, the Hindu spirit of tolerance and the remniscences of the Jewish Diaspora are all bound to find a profoundly renewed exposure in the half a dozen scholarly presentations by eminent historians of international fame.

**PROGRAMME SCHEDULE**

**Friday, 19th October 2007**

| | | |
|---|---|---|
| Inaugural session | : | 09.00 a.m. - 10.00 a.m. |
| Prayer | | |
| Welcome Speech | : | **Mr. John Wilfred** |
| Inauguration of the Seminar | : | **His Grace Most Rev. Dr. Daniel Acharuparambil** (ArchBishop of Verapoly) |

Presidential Address : **H.E. Rt. Rev. Dr. John Thattumkal**
(Bishop of Cochin)

Key Note Address : **Rev. Dr. Sr. Annett Thottakkara**
(Retd. Principal, St. Joseph's College, Alappuzha)

Vote of thanks : **Prof. C.D. Sebastian**

Tea break

**Seminar sessions**

**S1 10.45 a.m. - 12.30 p.m.**

Topic : **Cochin of 14th & 15th Centuries**

Presentation : **Dr. Pius Malekandathil**
(Associate Professor, Jawaharlal Nehru University, New Delhi)

Reflections

Lunch

**S2 1.30 p.m. - 03.00 p.m.**

Topic : **Portugues Institutions of Social Welfare and Culture in Cochin during the 16th Century.**

Presentation : **Dr. K.S. Mathew** (Director, Irish)

Reflections

Tea break

**S3 03.15 p.m. - 05.00 p.m.**

Topic : **The Jews of Cochin**

Presentation : **Dr. M.G.S. Narayanan**
(Former Chairman, ICHR)

Reflections





## Saturday 20th October 2007

**S4 09.00 a.m. - 10.30 a.m.**

Topic : **Cochin and the Synod of Diamper - Evolution and Revolution**

Presentation : **Dr. John Ochanthurath**
(Retd. H.O.D.Dept. of History, University of Calicut)

Reflections

Tea break

**S5 10.45 a.m. - 12.00 noon**

Topic : **Diocese of Cochin and the Church in India**

Presentation : **Rev. Dr. Marian Arackal**
(Prefect of Studies P.O.C. Palarivattom)

Reflections

**Valedictory session 12 noon - 01.00 p.m.**

Welcom speech : **Mr. Adarsh Joy Karott**

Re'sume' : **H.E. Rt. Rev. Dr. John Thattumkal**
(Patron, Jubilee Celebrations)

Speech : **Prof. Abraham Arackal**
(Retd. Principal, Maharaja's College, Ernakulam)

Vote of thanks : **Rev. Fr. Tomy Panackal**
(Convener, History Seminar)

National Anthem

N.B : Prior Registration Recommended. Please contact Fr. Tomy Panackal (0484 - 2216002, 98479 24442) or Fr. Francis Kurisinkal (0484 - 2218240)

## ജൂബിലിവർഷചിന്തകൾ

**ഫാ. ഗാസ്പർ**

**ആ**ത്മീയതയിലെ അതികഠിനമായ അന്ധകാരാനുഭവത്തെക്കുറിച്ച് ആത്മാവിന്റെ ഇരുണ്ട രാത്രിയെന്ന ഉജ്ജ്വലമായ വിവരണം മിസ്റ്റിക്കായ വി. യോഹന്നാൻ ക്രൂസ് നൽകുന്നുണ്ട്. നമ്മുടെ ഈ കാലത്ത് ആത്മാവിന്റെ ഇരുണ്ട രാത്രിയനുഭവിച്ച ഒരു വിശുദ്ധ ജീവിതത്തെ അടയാളപ്പെടുത്തുന്ന മറ്റൊരു കൃതി പുറത്തിറങ്ങുകയാണ് – 'Come Be My Light' എന്ന പേരിൽ. ലോകം മുഴുവൻ ആദരവോടെ കാതോർത്ത, സ്നേഹത്തോടെ ഹൃദയത്തിലേറ്റിയ മദർ തെരേസയുടെ ഇനിയും പ്രസിദ്ധീകരിക്കാതിരുന്ന ആത്മീയാനുഭവങ്ങളുടെ വിവരണങ്ങളടങ്ങിയ കത്തുകൾ, ആത്മീയ പിതാക്കന്മാരുമായി അവർ പങ്കു വച്ച ആത്മാവിന്റെ പീഡാനുഭവങ്ങൾ എല്ലാം വിശദമാക്കുന്ന ഈ കൃതി ലോകം ചർച്ച ചെയ്തു തുടങ്ങി. 2007 സെപ്തംബർ ലക്കം ടൈം മാഗസിൻ ആറു പേജുകളാണ് ഈ കൃതിയെക്കുറിച്ചുള്ള ലേഖനത്തിനായി നീക്കി വച്ചിരിക്കുന്നത്. വി. അഗസ്തീനോസിന്റെ 'കൺഫഷൻസ്' തോമസ് മെർട്ടന്റെ ആത്മകഥനകൃതി എന്നിവയോടൊപ്പം എണ്ണപ്പെടേണ്ട ഉജ്ജ്വലമായ ആത്മീയഗ്രന്ഥം എന്ന് ടൈം മാഗസിൻ ഈ കൃതിയെ വിശേഷിപ്പിക്കുന്നു. നീണ്ട നാൽപത്തഞ്ചു വർഷങ്ങളിൽ ആത്മാവിന്റെ കഠിന പീഡകളിലൂടെ കടന്നു പോയ ഒരു വ്യക്തിയാണ് ലോകം ഉറ്റു നോക്കിയ ഉജ്ജ്വലമായ സേവനങ്ങളെല്ലാം ചെയ്തതെന്ന് വിശ്വസിക്കാൻ പ്രയാസമായിരിക്കും.

ജൂബിലിവർഷചിന്തയിൽ ഈ കൃതിയെക്കുറിച്ച് സൂചിപ്പിക്കാൻ കാരണമുണ്ട്. ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യുന്ന എല്ലാ കർമ്മ പരിപാടികളുടെയും പിറകിൽ നമുക്കറിഞ്ഞുകൂടാത്ത അതികഠിനമായ ആത്മീയതാപമുണ്ടായിരിക്കണം. മദർ തെരേസയുടെ ആത്മീയോപദേഷ്ടാക്കളിലൊരാളായിരുന്ന ദൈവശാസ്ത്രപണ്ഡിതനായ റവ. ജോസഫ് നോയ്നർ മദറിനോട് ഒരവസരത്തിൽ പറയുന്നുണ്ട്: 'മദർ, നിങ്ങളുടെ ആത്മാവിന്റെ പീഡകൾ നിങ്ങളിൽനിന്നല്ല. അതുകൊണ്ടുതന്നെ അവയ്ക്കുള്ള പരിഹാരവും നിങ്ങളിൽനിന്നായിരിക്കില്ല. എങ്കിലും ഒന്നറിയുക, നിങ്ങൾ ചെയ്യുന്ന ഉജ്ജ്വലസേവനങ്ങൾ നിങ്ങളനുഭവിക്കുന്ന ആത്മീയ പീഡകളിലെ കൃപാവരത്തിന്റെ സൂചനകളാണ്.

ജൂബിലിവർഷത്തിലെ എല്ലാ കർമ്മപരിപാടികളിലൂടെയും ചൊരിയപ്പെടുന്ന കൃപകളുടെ പിറകിൽ, ദൈവമേ നീ നൽകുന്ന ആത്മീയതയുടെ തീക്കാറ്റ് ഉണ്ടെന്നറിയുന്നു ഞങ്ങൾ. ഒരു കൃപയും കുരിശിന്റെ നിഴൽ വീഴാതെ ലഭിക്കുന്നില്ല. ജൂബിലിവർഷത്തിൽ അവിടുത്തെ കൃപയുടെ മുള്ളുകൾ ഏറ്റെടുക്കുക നമ്മൾ. ✺





## ജൂബിലിവർഷ പരിപാടികൾ - ഒക്ടോബർ

**രൂപത തലം**

ഒക്ടോബർ 19 - 20 : ചരിത്ര സെമിനാർ

**ഇടവകതലങ്ങളിൽ**

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 1 - 6 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ആന്തരികസൗഖ്യധ്യാനം |
| 1 - 31 | ജീവമാതാ, മട്ടാഞ്ചേരി | ഭവനാശീർവ്വാദം |
| 1 - 31 | സെന്റ് ജോസഫ്സ്, ചിറക്കൽ | മാതാവിന്റെ തിരുസ്വരൂപ പ്രയാണം |
| 2 | സെന്റ് തോമസ്മൂർ, പള്ളുരുത്തി | ശുചീകരണദിനം |
| 2 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | യുവജനസെമിനാർ |
| 2 | ,, | ഇടവക ഉപവാസദിനം |
| 2 | സെന്റ് സെബാസ്റ്റ്യൻസ്, ചെല്ലാനം | വൈദീക - സന്ന്യസ്ത സംഗമം |
| 3 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 3 | ,, | ഫ്രാൻസിസ്കൻ മൂന്നാം സഭ സംഗമം |
| 6 | ,, | ശാരീരിക - മാനസിക - ബൗദ്ധിക വൈകല്യമുള്ളവരുടെ സംഗമം |
| 7 | സെന്റ് ജോസഫ്സ്, ചെറിയകടവ് | യൂണിറ്റ് ഭാരവാഹികൾക്കുള്ള സെമിനാർ |
| 7 | സാന്റാക്രൂസ്, പെരുമ്പടപ്പ് | യൂണിറ്റ് ഭാരവാഹികൾക്കുള്ള സെമിനാർ |
| 7 | സെന്റ് മാർട്ടിൻ ഡി പോറസ്, കല്ലഞ്ചേരി | നേതൃത്വസെമിനാർ |
| 7 | സെന്റ് ജോസഫ്സ്, ചിറക്കൽ | ബൈബിൾ ക്വിസ് |
| 7 | ഹോളി ഫാമിലി, നസ്രത്ത് | അനാഥാലയ സന്ദർശനം |

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 10 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 10 - 14 | സെന്റ് ലോറൻസ്, പള്ളുരുത്തി | ഗോവ തീർത്ഥാടനം |
| 12 - 14 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | മരിയൻ കൺവെൻഷൻ |
| 13 | ,, | തെരുവ് നാടകം |
| 13 | സെന്റ് തോമസ്മൂർ, പള്ളുരുത്തി | ജൂബിലി തീർത്ഥാടനം |
| 13 | ഹോളി ഫാമിലി, നസ്രത്ത് | തൃശൂർ റോസറി പാർക്ക് സന്ദർശനം |
| 14 | സെന്റ് അഗസ്റ്റിൻസ്, അരൂർ | മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവത്ക്കരണ സെമിനാർ |
| 14 | സെന്റ് ജോസഫ്സ്, ചെറിയകടവ് | നവദമ്പതികൾക്കുള്ള സെമിനാർ |
| 14 | സെന്റ് സെബാസ്റ്റ്യൻസ്, തോപ്പുംപടി | നേത്രചികിത്സ ക്യാമ്പ് |
| 14 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | നേത്രചികിത്സ ക്യാമ്പ് |
| 14 | സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ്, വയലാർ | വൃദ്ധസംഗമം |
| 14 | സെന്റ് ലൂയീസ്, മുണ്ടംവേലി | കലാകാരന്മാരുടെ സംഗമം |
| 14 | സെന്റ് പീറ്റേഴ്സ്, കുമ്പളങ്ങി | യൂണിറ്റ് ഭാരവാഹികൾക്കുള്ള സെമിനാർ |
| 14 | സെന്റ് ജോസഫ്സ്, ചിറക്കൽ | ബൈബിൾ ക്വിസ് |
| 14 | സെന്റ് തോമസ്മൂർ, പള്ളുരുത്തി | ദമ്പതീസംഗമം |
| 14 - 19 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ആന്തരികസൗഖ്യ വളർച്ചാ ധ്യാനം |
| 15 - 20 | ,, | മരിയൻ ധ്യാനം |
| 17 | ,, | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 18 | സെന്റ് ജോസഫ്സ്, കുമ്പളം | ജൂബിലിവാർത്ത ബോർഡ് അനാച്ഛാദനം |
| 20 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | സ്കോളർഷിപ്പ് വിതരണം |
| 20 | സെന്റ് തോമസ്മൂർ, പള്ളുരുത്തി | മിഷൻ ആരാധന |





| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 21 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | വിദ്യാരംഭം |
| 21 | സെന്റ് മേരീസ്, തങ്കി | സമുദായബോധവത്ക്കരണ സെമിനാർ |
| 21 | സെന്റ് ജോസഫ്സ്, ചിറക്കൽ | ബൈബിൾ ക്വിസ് |
| 21 | സെന്റ് ജോസഫ്സ്, വല്യത്തോട് | വൃദ്ധസംഗമം |
| 21 - 26 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ആന്തരികസൗഖ്യ വളർച്ചാ ധ്യാനം |
| 24 | ,, | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 25 | ,, | ആനുകാലിക പ്രാധാന്യമുള്ള ദൈവ - തത്വ - സാമൂഹ്യ ശാസ്ത്ര വിഷയങ്ങളെക്കുറിച്ചുള്ള പഠനം |
| 27 | ,, | വിധവസംഗമം |
| 27 | സെന്റ് പീറ്റർ & പോൾ, അമരാവതി | ആരോഗ്യബോധവത്ക്കരണ സെമിനാർ |
| 27 - 28 | ഔവർ ലേഡി ഓഫ് ഫാത്തിമ കോടന്തുരുത്ത് | ഭവനസന്ദർശനം |
| 27 - 31 | ഹോളി ഫാമിലി, നസ്രത്ത് | ജപമാല ധ്യാനം |
| 28 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ആന്തരികസൗഖ്യ വളർച്ചാ ധ്യാനം |
| 28 | സെന്റ് ജോസഫ്സ്, ചെറിയകടവ് | ജപമാല റാലി |
| 28 | സെന്റ് സെബാസ്റ്റ്യൻസ്, തോപ്പുംപടി | അദ്ധ്യാപക സംഗമം |
| 28 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | പിതാക്കന്മാരുടെ കൂട്ടായ്മ |
| 28 | സെന്റ് ജോസഫ്സ്, ചിറക്കൽ | ബൈബിൾ ക്വിസ് |
| 28 | സെന്റ് സെബാസ്റ്റ്യൻസ്, നീണ്ടകര | മതബോധന വാർഷികം |
| 28 | സെന്റ് തോമസ്മൂർ, പള്ളുരുത്തി | ജൂബിലി ലൈബ്രറി ഉദ്ഘാടനം |
| 31 | സെന്റ് അഗസ്റ്റിൻസ്, അരൂർ | ജപമാല റാലി |
| 31 | സെന്റ് ഫ്രാൻസീസ് അസ്സിസി കാട്ടിപ്പറമ്പ് | ജപമാല റാലി |
| 31 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |

# ജൂബിലി വർഷ രൂപത വാർത്തകൾ

## പാസ്റ്ററൽ കൗൺസിൽ യോഗം കൂടി

രൂപതാംഗമായ അർഹതയുള്ള ഒരു വിദ്യാർത്ഥിക്കുപോലും സാമ്പത്തിക പരാധീനതമൂലം രൂപതാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകരുത് എന്നതുൾപ്പടെയുള്ള വിവിധ പ്രഖ്യാപനങ്ങൾ അടങ്ങിയ വിദ്യാഭ്യാസ നയരേഖ കൊച്ചി രൂപത പാസ്റ്ററൽ കൗൺസിൽ യോഗം അംഗീകരിച്ചു.

മറ്റു സമുദായാംഗങ്ങൾ ഉൾപ്പെടെയുള്ള സാധാരണക്കാർക്ക് നൂറ്റാണ്ടുകളായി വിദ്യാഭ്യാസം നൽകി വരുന്ന കത്തോലിക്കാ സഭാ സ്ഥാപനങ്ങളേയും അവയിൽ പ്രവർത്തിക്കുന്നവരേയും ഒരു സുപ്രഭാതത്തിൽ വിദ്യാഭ്യാസ കച്ചവടക്കാരായി ചില കേന്ദ്രങ്ങൾ മുദ്ര കുത്തുന്നത് കൗൺസിൽ യോഗം ശക്തമായി അപലപിച്ചു.

പിന്നോക്കാവസ്ഥയിലുള്ളവരെ കൈപിടിച്ചുയർത്താനും സമുദായത്തിന്റെ ഉദ്ഗ്രഥനവും ലക്ഷ്യമാക്കി മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുവാൻ രൂപതാ സ്ഥാപനങ്ങൾ ബദ്ധശ്രദ്ധമാണ് എന്ന് കൊച്ചി മെത്രാൻ ഡോ. ജോൺ തട്ടുങ്കൽ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസ്താവിച്ചു.

ഭാരത കത്തോലിക്കാ സഭയുടേയും, കേരള റീജിയണൽ ലത്തീൻ കത്തോലിക്കാ കൗൺസിലിന്റേയും, കൊച്ചി രൂപതയുടേയും വിദ്യാഭ്യാസ നയങ്ങൾ വിശദീകരിച്ച് കെ.ആർ.എൽ. സി.സി. ജനറൽ സെക്രട്ടറി ഫാ. സ്റ്റീഫൻ ജി. കുളക്കായത്തിൽ, കെ.ആർ.എൽ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയും തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്ക്കൂൾ മാനേജരുമായ ഫാ. ചാൾസ് ലിയോൺ, കൊച്ചി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി ജനറൽ മാനേജർ ഫാ. തോമസ് പറത്തറ എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി.





വികാരി ജനറൽ മോൺ. പീറ്റർ തൈക്കൂട്ടത്തിൽ സ്വാഗതം പറഞ്ഞു. കൗൺസിൽ ജോ. സെക്രട്ടറി അഡ്വ. ജോസി സേവ്യർ റിപ്പോർട്ടും, അവതരിപ്പിച്ചു. സെക്രട്ടറിയും രൂപത ചാൻസലറുമായ റവ. ഡോ. ഫ്രാൻസീസ് കുരിശിങ്കൽ കൃതജ്ഞതയും അർപ്പിച്ചു.

അഡ്വ. തോമസ് ആൻഡ്രൂസ്, ജൂലി സേവ്യർ, എം.എം. ഫ്രാൻസീസ്, പയസ് പാപ്പാളി, ഡിലൈറ്റ് പോൾ, എഫ്.സി. അരൂജ, ഇ.എം. വർഗ്ഗീസ്, എം.ജി. തോമസ് മാസ്റ്റർ, ടി.എ. ഡാൽഫിൻ, സിസ്റ്റർ മേരി കുര്യാക്കോസ്, സിസ്റ്റർ ലിസി എന്നിവർ വിദ്യാഭ്യാസ നയരേഖ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു.

രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സന്ന്യാസ സഭകൾ നടത്തുന്ന വിദ്യാലയങ്ങളിലെ മാനേജർമാരും പ്രധാന അദ്ധ്യാപകരും സെപ്തംബർ 8 ന് നടന്ന ഈ മുഴുവൻ ദിന സമ്മേളനത്തിൽ പങ്കെടുത്തു.

## അനുമോദിച്ചു

സഭയ്ക്കും സമുദായത്തിനും നല്കിയ സേവനങ്ങളെ പ്രതി പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പയിൽ നിന്ന് "Domestic Prelate" പദവി ലഭിച്ച വികാരി ജനറൽ വെരി. റവ. മോൺ. പീറ്റർ തൈക്കുട്ടത്തിലിനെ കൊച്ചി രൂപത പാസ്റ്ററൽ കൗൺസിൽ യോഗം അനുമോദിച്ചു. 8-9-2007ൽ ഫോർട്ടുകൊച്ചി മെത്രാസന മന്ദിരത്തിൽ കൂടിയ യോഗത്തിൽ വച്ച് ശ്രീ. കെ.എക്സ്. ആന്റണി കടവിപ്പറമ്പിൽ അനുമോദനങ്ങൾ നേർന്നുകൊണ്ട് സംസാരിച്ചു.

## "കണ്ടു ഞാൻ മോദമായ്" പ്രകാശനം ചെയ്തു

കൊച്ചി രൂപത സാന്ത സിസിലിയ റെക്കോർഡിങ്ങ് സ്റ്റുഡിയോയിൽ തയ്യാറാക്കിയ ക്രിസ്തീയ ഭക്തിഗാന സി.ഡി. "കണ്ടു ഞാൻ മോദമായ്" പ്രകാശനം ചെയ്തു, സെപ്തംബർ 8 ന് ഫോർട്ടുകൊച്ചി മെത്രാസന മന്ദിരത്തിൽ വച്ച്, അഭിവന്ദ്യ

ജോൺ തട്ടുങ്കൽ പിതാവ്, സി.ഡി. പ്രകാശനം ചെയ്യുകയും പ്രഥമ കോപ്പി വികാരി ജനറൽ മോൺ. പീറ്റർ തൈക്കൂട്ടത്തിലിന് നല്കുകയും ചെയ്തു. സ്റ്റുഡിയോ ഡയറക്ടർ റവ. ഫാ. റാഫി കൂട്ടുങ്കൽ കൃതജ്ഞത രേഖപ്പെടുത്തി.

## ആശീർവ്വദിച്ചു

സെപ്റ്റംബർ 21-ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക്, ഫോർട്ടുകൊച്ചി മെത്രാസന മന്ദിരത്തിനു സമീപം പണി കഴിപ്പിച്ചിട്ടുള്ള Gama Heritage Residency യും Fatima Multi Speciality Dental Clinic ഉം അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവ് ആശീർവ്വദിച്ചു. വൈദികരും സന്യസ്തരും അല്മായരും ആശീർവ്വാദ ചടങ്ങളിൽ സംബന്ധിച്ചു.

## അഭിനന്ദനങ്ങൾ

കേരള റിജീയൻ എസ്.സി.സി. ഫോറം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ. ജോസി സേവ്യർ ഇല്ലിപ്പറമ്പിലിന് അഭിനന്ദനങ്ങൾ നേരുന്നു. ✺





## BISHOP'S ENGAGEMENTS IN OCTOBER - 2007

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Mon | <br>04.00 p.m. | <br>Perumpadappu | Return from Holy Land<br>Fatima Hospital Board Meet |
| 02 Tue | 07.00 am.<br>03.00 p.m.<br>04.00 p.m. | Kannamaly<br>Chellanam<br>Chellanam | Mass (Feast of Superior) at Convent<br>Mass<br>Blessing & Inauguration of St. Mary's H.S.S. |
| 03 Wed | 10.30 am.<br>06.30 p.m. | Bishop's House<br>Kumbalanghy | Monthly Recollection<br>Flag Hoisting-Mass-Sermon at Sacred Heart |
| 04 Thu | 07.00 am.<br>09.00 a.m.<br>03.00 p.m.<br>05.30 p.m. | Panavally<br>Bishop's House<br>Ernakulam<br>Adhikarivalappu | Mass in Convent<br>Meeting People<br>Jeevanaadam<br>Feast Mass - St. Francis Assissi |
| 05 Fri | 09.00 am. | Bishop's House | Office Work |
| 06 Sat | 09.00 am.<br>03.30 p.m. | Bishop's House<br>Thoppumpady | Vasco De Gama Research Institute - Meeting<br>60th Birthday of Fr. Kochukariyil at B.M. Hall |
| 07 Sun | 10.00 am.<br>03.00 p.m.<br>04.00 p.m. | Thoppumpady<br><br>Basilica | Feast Mass - St. Sebastian's<br>CSS - SHG Inauguration<br>Rosary Feast |
| 08 Mon | 09.00 am<br>04.00 p.m. | Bishop's House<br>Perumpadappu | Meeting People<br>Fatima Hospital Board Meet |

| | | | |
|---|---|---|---|
| 09 Tue | 10.30 am.<br>06.00 p.m. | Bishop's House<br>Bishop's House | Meeting of PM I Fathers<br>Core Group |
| 10 Wed | 04.00 p.m.<br>07.00 p.m. | Bishop's House<br>Chembumukku | Finance Committee<br>KLM Executive Meeting at WFC |
| 11 Thu | 09.00 am.<br>11.00 a.m.<br>04.30 p.m. | Bishop's House<br>Karunalayam<br>Ernakulam | Meeting People<br>Mass - Society Feast - Mary Mother of the Poor<br>Jeevanaadam |
| 12 Fri | 09.00 a.m. | Bishop's House | Office Work |
| 13 Sat | 10.00 a.m.<br>06.30 p.m. | Trivandrum<br>Kumbalanghy | Jeevanaadam Office Inauguration<br>Mass - Feast: Fatima Convent |
| 14 Sun | 03.00 p.m. | Bishop's House | Professionals Meet |
| 15 Mon | 08.00 am.<br>09.00 a.m.<br>04.00 p.m. | Eramallore<br>Bishop's House<br>Perumpadappu | Mass in Cloistered Convent<br>Meeting People<br>Fatima Hospital Board Meet |
| 16 Tue | 11.00 a.m. | Chellanam | First Death Anniversary of Msgr. Joseph Puthenparambil |
| 17 Wed | 03.00 p.m. | Bishop's House | Board of Pastoral Ministry |
| 18 Thu | 09.00 am.<br>04.30 p.m. | Bishop's House<br>Ernakulam | Meeting People<br>Jeevanaadam |
| 19 Fri | 09.00 a.m. | APC | History Seminar |
| 20 Sat | | APC | History Seminar |





| | | | |
|---|---|---|---|
| 21 Sun | 08.00 a.m.<br>11.30 am. | Palluruthy<br>Basilica | Mass-Feast: St. Paul of the Cross at Passionist Ashram-Final Profession<br>Marriage |
| 22 Mon | 09.00 am.<br>04.00 p.m. | Bishop's House<br>Perumpadappu | Meeting People<br>Fatima Hospital Board Meet |
| 23 Tue | | Aluva | Class at Carmelgiri |
| 24 Wed | 04.00 p.m. | Bishop's House | Board of Social Ministry |
| 25 Thu | 09.00 am.<br>04.30 p.m. | Bishop's House<br>Ernakulam | Meeting People<br>Jeevanaadam |
| 26 Fri | 09.00 a.m. | Bishop's House | Office Work |
| 27 Sat | 03.00 p.m. | Chellanam | Feast of O.L. of Victory - Mass-Renewal of Vows at Victory Convent |
| 28 Sun | 11.00 am. | Amaravathy | Blessing of Marriage |
| 29 Mon | 09.00 a.m.<br>11.30 a.m.<br>04.00 p.m. | Bishop's House<br>Basilica<br>Perumpadappu | Meeting People<br>Marriage<br>Fatima Hospital Board Meet |
| 30 Tue | | Aluva | Class at Carmelgiri |
| 31 Wed | 10.00 a.m. | Bishop's House | Consultors Meet |

# FROM THE BISHOP'S DIARY

## SEPTEMBER 2007

| Date | Time | Purpose |
|---|---|---|
| 03rd Mon | 06.00 p.m. | Fatima Hospital General Body Meeting |
| 05th Wed | 07.00 p.m. | Mr. K.V. Thomas |
| 06th Thu | 05.30 p.m. | Jeevanaadam |
| 09th Sun | 10.00 a.m. | Pilgrimage to Bishop's House of Poomkavu Parish |
| 13th Thu | 04.30 p.m. | Jeevanaadam |
| 14th Fri | 09.00 a.m.<br>03.00 p.m. | Fatima Board Meeting<br>Inauguration of Coastal T.B. Project at Kannamaly |
| 15th Sat | 10.30 a.m. | Mass Final Profession of 4 sisters at Rosary Convent Chapel Palluruthy |
| 17th Mon | 07.00 p.m. | Mass at St. Mary's Convent, Fort Cochin |
| 19th Wed | 10.00 a.m. | Consultors Meet |
| 20th Thu | 3.00 p.m. | Jeevanaadam |
| 21th Fri | 04.00 p.m. | Blessing of Gama Heritage Residency and Fatima Multi-speciality Eye Clinic |







# പിന്നാമ്പുറം

# ഏസാവിന്റെ കൂട്ടുകാർ

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

അങ്ങനെ സാധാരണക്കാരന്റെ നികുതിപ്പണം ധൂർത്തടിച്ച് ഒരു നിയമസഭാ സമ്മേളനവും നടത്തിപ്പിരിഞ്ഞു. പത്രക്കാരുടെ ഭാഷയിൽ സംഭവബഹുലമായ ദിനങ്ങൾ. സേവി മനോ മാത്യുവും, ശാരിയുമൊക്കെ തകർത്താടിയ ദിനങ്ങൾ. ശ്രീമതി ടീച്ചറുടെ രാജി ആവശ്യപ്പെട്ടുകൊണ്ടു തുടങ്ങിയ പ്രതിപക്ഷ ബഹളം ബിനോയ് വിശ്വമിൽ എത്തിയപ്പോഴേയ്ക്കും സമയം തീർന്നു. ഇതൊക്കെ ഒരു പോഴൻ കളി മാത്രമാണെന്നു മുഖ്യമന്ത്രിയുടെ "പോഴൻ" വിളിയിലുടെ പ്രകടമായി. തന്റെ വകുപ്പിൽ പോഴന്മാരില്ലെന്ന് ആഭ്യന്തരമന്ത്രിക്ക് നിയമസഭയിൽ പരസ്യമായി പറയേണ്ടി വന്നതിലും വലിയ പോഴത്തരം വേറെയില്ല. വനംമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് നിരാഹാരം കിടക്കുന്നവരുടെ അടുക്കലേയ്ക്ക് ഒരു ചെറുപുഞ്ചിരിയുമായി മുഖ്യമന്ത്രി ചെന്നത് വലിയ വാർത്തയായിരുന്നു. താനിവിടെ കിടക്കുന്നതെന്തിനാണെന്ന് എനിക്കും, ഞാൻ വന്നതെന്തിനെന്നു തനിക്കും അറിയാമല്ലോ എന്ന ചോദ്യമായിരുന്നു ആ പുഞ്ചിരിയുടെ പിന്നിൽ. ശാരിയുടെ ഭൂതത്തെ സേവി മനോ മാത്യു എന്ന ദുർമന്ത്രവാദിയെ കൊണ്ടു തളച്ചിടാൻ കഴിഞ്ഞത് ശ്രീമതി ടീച്ചർക്ക് ആശ്വാസമായി. കുരുവിളയുടെ കുരു വിളയാതെ പോയതിൽ ജോസഫിനുള്ള ദുഃഖം ആരറിയുന്നു.

ഒന്നോ രണ്ടോ ദിവസം കൂടി ഈ പതിവു പ്രസ്താവനകളും നാടകങ്ങളും തുടർന്നേക്കാം. കണ്ണിറുക്കിയടച്ച് ചെന്നിത്തലയും വെപ്പുപല്ലാട്ടിയുലച്ച് ചാണ്ടിയും ഇനിയും

ടി.വി. ക്യാമറയ്ക്ക് മുന്നിൽ പ്രത്യക്ഷപ്പെടും. പ്രതീക്ഷിക്കുന്ന ഉപതെരഞ്ഞെടുപ്പിന് ഇവ മാത്രം പോരെന്ന കാരണത്താൽ വിഷയവും ചർച്ചയും ഇനിയും മാറിവരും. അപ്പോഴും ഒരു മന്ത്രിയുടെ രാജിയിലും മറ്റൊരാളുടെ രാജി ആവശ്യത്തിലും എത്തി നിൽക്കുന്ന വിവാദവിഷയമായ ഭൂമി പ്രധാന വിഷയം തന്നെയാണ്. ഒരു വാശിക്ക് പൊളിച്ചു തള്ളിയത് ഗവൺമെന്റ് ചിലവിൽ പുതുക്കി നൽകേണ്ടി വരുന്നതും ദൗത്യ സംഘത്തലവൻ കോടതിയിൽ മാപ്പു പറയുന്നതും പുതിയ കാഴ്ച. രാഷ്ട്രീയ – മാഫിയാ കൂട്ടുകെട്ടിന്റെ പുതിയ തിരക്കഥ. ഇത് രാഷ്ട്രീയ ഷണ്ഡന്മാർ മാത്രം ചർച്ച ചെയ്ത് നന്മ വരുത്തി വെയ്ക്കുമെന്നു കരുതുന്നത് അബദ്ധമാണ്. ഈ ഭൂമിയിൽ ജനിച്ചു വീഴുന്ന ഓരോ കുഞ്ഞിനും മണ്ണിന്റെ മേൽ അവകാശമുണ്ട്. ഈ ജന്മാവകാശമാണ് ഇന്ന് ഏറെ ചോദ്യം ചെയ്യപ്പെടുന്നത്. തെരുവിലേയ്ക്ക് വലിച്ചെറിയപ്പെടുന്നവരുടെ എണ്ണം അനുനിമിഷം ഭീകരമാംവിധം ഉയരുകയാണ്. വലിയ വിപ്ലവവും നന്മയുമായി ഉയർത്തിക്കാട്ടിയ ഭൂപരിഷ്കരണ നിയമമാണ് ഇന്ന് കീഴ്മേൽ മറിക്കപ്പെടുന്നത്. വാർത്തകളിൽ നിറഞ്ഞു നിൽക്കുന്ന വലിയ ഇടപാടുകൾ മാത്രമല്ല നമ്മുടെ ജീവനാവകാശത്തെ ചോദ്യം ചെയ്യുന്നത്. കണ്ടുകൊണ്ടു നിൽക്കേ ചവിട്ടി നിൽക്കുന്ന മണ്ണിന്റെ വില കുതിച്ച് ഉയരുന്നതിന്റെയും ഉയർത്തുന്നതിന്റെയും പിന്നിലെ ഗൂഢരഹസ്യങ്ങൾ നാം അറിയണം. വികസന പ്രഖ്യാപന ഭൂമിയിൽ നിന്നെല്ലാം സാധാരണക്കാരായ മനുഷ്യർ തുരത്തപ്പെടുന്നു. ഇത് വിപ്രവാസത്തിന്റെ ആധുനിക മുഖമാണെന്ന് നാം അറിയണം.

കോടിക്കണക്കിനു കള്ളനോട്ടുകൾ നമ്മുടെ നാട്ടിൽ എത്തുന്നു എന്നത് നാം നിരന്തരം കേൾക്കുന്നവാർത്തയാണ്. നെറിപ്പോടിലിട്ടു ചൂടുകായാനല്ല കണ്ടെയ്നറിൽ കള്ളനോട്ടെത്തിച്ചതെന്ന് നമുക്കറിയാം. എന്നിട്ടും വന്നു എന്നല്ലാതെ മറ്റൊന്നും, എന്തു സംഭവിച്ചു എന്നുപോലും പോഴന്മാരില്ലാത്ത ആഭ്യന്തര വകുപ്പിനറിയില്ല. ഒരു കാലത്ത് ആയുധം കൊണ്ട് ബലഹീനരെ തുരത്തിയവർ ഇന്നു കള്ളനോട്ടുകൾകൊണ്ട് ഈ





സൽക്കർമ്മം, നാം തിരഞ്ഞെടുത്തുവിട്ടവരുടെ ഒത്താശയോടെ, ചെയ്യുന്നു. ആർക്കും തൊടാൻ കഴിയാത്ത വമ്പൻ സ്രാവുകളുടെ കഥ പറയുന്ന പത്രക്കാർക്ക് നമ്മുടെ നാട്ടിലെ ഈ തീവെട്ടിക്കൊള്ള വെളിപ്പെടുത്തുവാൻ എവിടെയാണു സമയം.

ജീവനേക്കാൾ ജീവനോപാദികൾക്ക് വിലയേറുന്നത് സംസ്ക്കാരശൂന്യതയുടെ അടയാളമാണ്. ഗ്രാമങ്ങളെ നഗരതുല്യം അണിയിച്ചൊരുക്കുന്നത് വളർച്ചയുടെ ലക്ഷണമല്ല. ഒരുവന്റെ ജീവിക്കുവാനുള്ള അവകാശം എല്ലാ രീതിയിലും സംരക്ഷിക്കപ്പെടുന്നിടത്താണ് നാം സംസ്ക്കാരമുള്ള മനുഷ്യരായിത്തീരുന്നത്. ഭൂമിയുടെ അവകാശം കള്ളപ്പണക്കാരന്റെയും കൈക്കൂലിക്കാരന്റെയും പോക്കറ്റിലാകുമ്പോൾ ജനിച്ച മണ്ണിൽ നമ്മൾ പ്രവാസികളായി മാറും. അഞ്ചോ പത്തോ രൂപ കൂടുതലായി കിട്ടുന്നു എന്ന കാരണത്താൽ കള്ളപ്പണക്കാരന്റെ ആയുധമാകുവാൻ നാം സ്വയം നിന്നുകൊടുക്കുമ്പോൾ ജീവിക്കുവാനുള്ള ഒരു സമൂഹത്തിന്റെ അവകാശമാണ് നാം അടിയറവു വെയ്ക്കുന്നത്. ആടിന്റെ തോലണിഞ്ഞ് നമ്മെ ചതിക്കുന്ന ചെന്നായ്ക്കളെ നമുക്കു തിരിച്ചറിയുവാൻ കഴിയണം. നമുക്കു സ്വപ്നം കാണാൻ കഴിയാത്തവ സൗജന്യമായി വെച്ചു നീട്ടിയവന്റെ പുഞ്ചിരിക്കുപിന്നിൽ നമുക്കറിയാൻ കഴിയാത്ത രഹസ്യങ്ങളും ഉണ്ടാകും. കൃത്യമായ ഉദ്യേശങ്ങളില്ലാതെ നമുക്കറിയാത്ത നമ്മോടു കടപ്പാടില്ലാത്ത ഒരുവനും നമ്മെ സമ്പന്നരാക്കാനായി തുനിഞ്ഞിറങ്ങില്ലെന്ന് ആധുനികതയുടെ വക്രമുഖം നൽകുന്ന പാഠം. ജനിച്ചു വളർന്ന മണ്ണിൽ നിന്നും കുടിയിറക്കിയാണ് ഒരു സമൂഹത്തിന്റെ മേൽ മറ്റൊരു സമൂഹം ആധിപത്യം നേടിയിട്ടുള്ളത്. ഇത് ചരിത്ര സത്യം. എന്റെ ഭൂമിക്ക് ഇല്ലാവില കൽപ്പിക്കുന്നവൻ എന്റെ അവകാശങ്ങൾക്ക് പുല്ലുവില കൽപ്പിക്കുന്നില്ല. കള്ളപ്പണത്തിന്റെ കുത്തൊഴുക്കിൽ ചവിട്ടി നിൽക്കുന്ന മണ്ണ് കുത്തിയൊലിച്ചുപോകാതിരിക്കുവാൻ നാം ശ്രദ്ധിക്കണം.

പ്രതിപക്ഷം പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന സമരങ്ങളിലേയ്ക്കു ചുവടുമാറ്റം നടത്തിയേക്കാം, പി.ജെ. ജോസഫിന്റെ